Sahrudaya Reading Room

REG. T. 7 License No. 368 Dated 1st Mrch 1939

# ചിത്രോദയം

പുസ്തകം 25 } കോട്ടയം 1945 ഡിസംബർ 2 } ലക്കം 16

## വിഷയവിവരം

1 ഉർദ്ദുപുരോഗമനസാഹിത്യസമ്മേളനം
2 കലാവിഷയം എന്തു്?—പി. ദാമോദരൻപിള്ള.
3 അമ്മയോടു്—ടാഗോർ.
4 ലെനിന്റെ വ്യക്തിമാഹാത്മ്യം—കാന്റർബറി ഡീൻ
5 സെർവിയായിലെ ഒരു രാത്രി—എ. ബാലകൃഷ്ണപിള്ള.
6 മാപ്പു നൽകൂ—എൻ ആർ. പിള്ള.
7 ധർമ്മഭടൻ—കൃഷ്ണൻ, പാപ്പിള്ളി.
8 ജനകീയസംഗീതം—കെ. സുരേന്ദ്രൻ.
9 ആരാണു് കാരണക്കാർ?—ആർ. സുഗതൻ.
10 എഴുന്നേൽക്കുക—ശ്രീമാൻ നമ്പൂതിരി.
11 ഗൃഹനിർമ്മാണം—കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടു്.

## ശാസ്ത്രഗ്രന്ഥങ്ങൾ

**കാമശാസ്ത്രം**— (രണ്ടാം പതിപ്പു്) ദാമ്പത്യജീവിതം വിജയപ്രദമാക്കണമെന്നാഗ്രഹിക്കുന്ന ദമ്പതിമാർ അവശ്യം വായിച്ചറിഞ്ഞിരിക്കേണ്ടതു്. വില ക. 2 ണ 8.

**ഹസ്തരേഖാശാസ്ത്രം**— (രണ്ടാം പതിപ്പു്) കൈറോയുടെ Language of the Hand എന്ന ഗ്രന്ഥത്തിന്റെ ശരി തർജ്ജിമ. കൈനോട്ടം തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്കും അഭ്യസിക്കേണ്ടവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന മലയാളത്തിലെ ഏക ഗ്രന്ഥം വില ക. 2. ണ 8.

പൗരപ്രഭ ബുക്കുഡിപ്പോ, കോട്ടയം

# ഉർദു പുരോഗമനസാഹിത്യസമ്മേളനം

(ചിത്രോദയത്തിന്റെ പ്രത്യേകം)

ഒന്നാമത്തെ അഖിലേന്ത്യാ ഉർദു പുരോഗമനസാഹിത്യസമ്മേളനം ഹൈദരബാദിലെ (ഡെക്കാൻ) റോക്സി തീയേറ്ററിൽവെച്ചു് ആഘോഷപൂർവം നടന്നിരിക്കുന്നു. ഒക്ടോബർ 14-ാം തീയതി ഉച്ചക്കുശേഷം ആരംഭിച്ച പരിപാടികൾ 17-ാംനു-യാണു് അവസാനിച്ചതു്. ഉർദു മഹാകവിയും ഒരു മുസ്ലീം ലീഗ് നേതാവുമായ മൗലാനാ ഹസ്രത്ത് മോഹാനി, സുപ്രസിദ്ധ ഉർദു പത്രപ്രവർത്തകനും സാഹിത്യകാരനുമായ കാസി അബ്ദുൾഗാഫർ, മഹാകവി രഘുപതി സഹായ് ഫിറാക്ക്, ചെറുകഥാകൃത്തും നോവലിസ്റ്റും എന്ന നിലകളിൽ അഖിലേന്ത്യാ പ്രശസ്തി സമ്പാദിച്ചിട്ടുള്ള കൃഷൻചന്ദർ മുതലായ പലരും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഡോക്ടർ മുൽക്‌രാജ് ആനന്ദിന്റെ സാന്നിദ്ധ്യം സമ്മേളനത്തിനു മകുടം ചാർത്തി.

മിസ്സിസ് സരോജിനി നായിഡുവാണു് സമ്മേളനം ഉൽഘാടനം ചെയ്തതു്. ഹോൾ ജനനിബിഡമായിരുന്നു. അനേകം സ്ത്രീകളും യോഗത്തിൽ സംബന്ധിച്ചിരുന്നു. മുൻഷി പ്രേമചന്ദിന്റെ അദ്ധ്യക്ഷതയിൽ 9 വർഷം മുമ്പു് ലക്നോയിൽ വച്ചുകൂടിയ ഒന്നാമത്തെ അഖിലേന്ത്യാ പുരോഗമന സാഹിത്യസമ്മേളനത്തിൽ പ്രസംഗിക്കുവാൻ തനിക്കു സാധിച്ചതു് ഒരു മഹാഭാഗ്യമായി കരുതുന്നുവെന്നു പ്രസ്താവിച്ചുകൊണ്ടാണു് മിസ്സിസ് നായിഡു പ്രസംഗമാരംഭിച്ചതു്. ഈ ഒമ്പതുകൊല്ലംകൊണ്ടു് പുരോഗമനസാഹിത്യപ്രസ്ഥാനം തഴച്ചുവളർന്നിട്ടുണ്ടെന്നും, ഇന്നത്തെ സാഹിത്യപ്രസ്ഥാനങ്ങളിൽ ഏറ്റവും സജീവവും സുശക്തവും ഫലപ്രദവുമായിട്ടുള്ളതു് പുരോഗമനസാഹിത്യപ്രസ്ഥാനമാണെന്നും മിസ്സിസ് നായിഡു പ്രസ്താവിച്ചു. പുരോഗമനസാഹിത്യത്തിനു് ഒന്നാന്തരം മാതൃകകളായി പരിലസിക്കുന്ന ചില കൃതികൾ—കൃഷൻചന്ദറിന്റെയും, കാസി അബ്ദുൾ ഗാഫറിന്റെയും—മിസ്സിസ് നായിഡു ചൂണ്ടിക്കാണിക്കുകയുണ്ടായി. മാതൃഭൂമിയുടെ സ്വാതന്ത്ര്യം കൈവരുത്തുന്നതിനും, ഇന്ത്യയിലുള്ള സാമുദായികവും, സാമൂഹ്യവും, സാമ്പത്തികവുമായ അവശതകൾ പരിഹരിക്കുന്നതിനും പുരോഗമന സാഹിത്യപ്രസ്ഥാനം പ്രയോജകീഭവിക്കട്ടെ എന്നാശംസിച്ചുകൊണ്ടു് മിസ്സിസ് നായിഡു പ്രസംഗം അവസാനിപ്പിച്ചു. ശ്രീകൃഷൻ ചന്ദറിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു. "ഉൽപാദനസാമഗ്രികൾ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിൽ ഇരിക്കുന്ന കാലമത്രയും, അച്ചടിയന്ത്രങ്ങൾ മുതലാളികളുടെ ഉടമസ്ഥതയിൽ ഇരിക്കുന്നിടത്തോളംകാലം, യന്ത്രങ്ങൾകൊണ്ടുണ്ടാകുന്ന സാധനങ്ങൾ ഒരു സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടാതിരിക്കുന്നതുവരെ; ലോകത്തിൽ സമാധാനമുണ്ടായിരിക്കുകയില്ല. അതുവരെ യഥാർത്ഥസ്വാതന്ത്ര്യം ഉണ്ടായിരിക്കുകയില്ല. അതുവരെ സ്വതന്ത്രമായ സാഹിത്യസൃഷ്ടി സാദ്ധ്യമല്ല. അതുവരെ ആരോഗ്യത്തിന്റെയും, ആഹ്ലാദത്തിന്റെയും, സൗന്ദര്യത്തിന്റെയും വെളിച്ചം മാനവഹൃദയത്തെ പ്രകാശിപ്പിക്കുകയില്ല." യുദ്ധത്തിൽനിന്നും നാശത്തിൽനിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് വ്യവസ്ഥക്കുമാത്രമേ ശക്തിയുള്ളുവെന്നും, അതുകൊണ്ടു് ആത്മാർത്ഥതയുള്ള ഓരോ പുരോഗമന സാഹിത്യകാരനും അതിനുവേണ്ടിയാണു് തൂലിക ചലിപ്പിക്കേണ്ടതെന്നും പ്രസ്താവിച്ചുകൊണ്ടു് ശ്രീകൃഷൻ ചന്ദർ ഉപസംഹരിച്ചു.

വിശ്രുതനായ മുൽക്‌രാജ് ആനന്ദ്—ഇദ്ദേഹം ഇംഗ്ലണ്ടിൽനിന്നു വന്നിട്ടു കുറച്ചുദിവസങ്ങളെ ആയിട്ടുള്ളു—ഉർദു സാഹിത്യകാരന്മാർക്കു മംഗളമാശംസിച്ചുകൊണ്ടു് പ്രസ്താവിച്ചതു് ഈ കഴിഞ്ഞ യുദ്ധകാലത്തു് ഫാസിസവിരുദ്ധ മനോഭാവത്തിൽനിന്നും ഫാസിസത്തോടു നടത്തിയ എതിർപ്പിൽനിന്നും യൂറോപ്പിൽ മുഴുവൻ പുരോഗമനസാഹിത്യം അത്ഭുതകരമായ വിധത്തിൽ വളർച്ച പ്രാപിച്ചുവെന്നാണു്. ഫ്രാൻസ് നാസികളുടെ കീഴിലായിരുന്നകാലത്തു് ഫ്രഞ്ചു് പുരോഗമനസാഹിത്യപ്രസ്ഥാനം അഭൂതപൂർവമായ വളർച്ച പ്രാപിച്ചിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ഫ്രഞ്ചു് കവിയും സാഹിത്യകാരനുമായ "ലൂയി അറാഗൺ" ഒരു പതിനായിരത്തോളം വ്യുൽപന്നമതികളെ സംഘടിപ്പിക്കുകയും, ആവേശകരമായ കവിതകൾ നിർമ്മിക്കുകയും, അവമൂലം ജനങ്ങൾക്കു ജീവൻ നൽകി നാസികളെ എതിർക്കുകയും ചെയ്തതു് എങ്ങനെയാണെന്നു ഡോക്ടർ ആനന്ദ് വിവരിക്കുകയുണ്ടായി.

(ശേഷം 23 ാം പേജിൽ)

# കലാവിഷയം എന്ത്?

(പി. ദാമോദരൻപിള്ള, ബി. എ.)

ഒരു പുസ്തകം മേശപ്പുറത്തിരിക്കുന്നു. അതു് നാം കാണുന്നു. ഇതിനർത്ഥമെന്താണു്? ലോക്കു് എന്ന ആംഗലതത്വചിന്തകൻ പുസ്തകം കാണുക എന്ന സംഭവത്തെ സ്വാമി വിവേകാനന്ദനെപ്പോലെ തന്നെ വിവരിക്കുന്നുണ്ടു്. മനസ്സു് ഒരു തടാകം പോലെ ശാന്തമായി കിടക്കുന്നു. അതിൽ പുസ്തകമാകുന്ന കല്ലു് ചെന്നു വീഴുന്നു. തന്നിമിത്തം ചില ഓളങ്ങൾ തടാകത്തിൽ ഉണ്ടാകുന്നു. ഈ ഓളങ്ങളെയാണു് "കാഴ്ച" യായി നാം വ്യാഖ്യാനിക്കുന്നതു്. ചുരുക്കത്തിൽ പുസ്തകത്തെപ്പററിയുള്ള നമ്മുടെ ബോധം മനസ്സിലുണ്ടാകുന്ന ഒരു വീചിയോ, വീചിപരമ്പരയോ മാത്രമാണു് എന്നു സിദ്ധിക്കുന്നു. പക്ഷേ തടാകത്തിൽ വീഴുന്ന കല്ലും ആ ക്രിയയാൽ നിന്നുണ്ടാകുന്ന ഓളവും ഒന്നല്ല, രണ്ടുതന്നെയാണു്. അങ്ങനെയിരിക്കെ, പുസ്തക സ്വരൂപം മനസ്സിൽ പതിക്കുമ്പോഴുണ്ടാകുന്ന അലയും പുസ്തകവും ഒന്നാണെന്നു് പറയാൻ വഴിയില്ല. അഥവാ, പുസ്തകം ഒന്നും, അതിനെപ്പററി നമ്മിലുണ്ടാകുന്ന ആശയം മറെറാന്നുമാകുന്നു എന്നു സാരം. ഇതിൽ നിന്നു ഒരു കാര്യം ഭംഗിയായി തെളിയുന്നുണ്ടു്. പുസ്തകം എന്തെന്നു നാം അറിയുന്നില്ല. അറിയാൻ സാധിക്കയുമില്ല. മനസ്സിൽ വസ്തുവിനെപ്പററി ഉണ്ടാകുന്ന ആശയത്തെ വസ്തുവായി തെററിദ്ധരിച്ചു പെരുമാറുകമാത്രമാണു സാധിക്കുന്നതു്. ലോകത്തിലെ സകല വസ്തുക്കളുടെ കഥയും ഇതുതന്നെയാണു്, എന്നുവച്ചാൽ ലോകം എന്തെന്നു് നാം അറിയുന്നില്ല, അറിയാൻ സാധിക്കയുമില്ല, അതിനെപ്പററിയുള്ള ആശയവുമായി മാത്രം നാം നിത്യേന പെരുമാറിക്കൊണ്ടിരിക്കുന്നു, എന്നർത്ഥം.

മനസ്സാണു്, ചുരുക്കി പറഞ്ഞാൽ, ലോകത്തെ സൃഷ്ടിക്കുന്നതെന്നുള്ള സിദ്ധാന്തത്തിന്റെ ഒരു രൂപമാണു് മേൽ കാണിച്ചതു്. ലോകത്തെ മാത്രമല്ല, നരകത്തെയും, സ്വർഗ്ഗത്തെയും സൃഷ്ടിക്കാൻ മനസ്സിനു് സ്വസ്ഥാനത്തു തന്നെ കഴിയുമെന്നു് "പാരഡൈസു് ലോസ്റ്റു്" എന്ന കൃതിയിൽ മിൽട്ടൺ രേഖപ്പെടുത്തിയപ്പോൾ അദ്ദേഹം കൂടുതലായൊന്നും പറഞ്ഞില്ല. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളുടെ കഥയും മറെറാന്നല്ല എന്നു് പ്രൊഫസർ എഡിങ്ടൺ മറെറാരു വിധത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ഉമാർഖയ്യാം എന്ന പാരസീകമഹാകവി തന്റെ ബുദ്ധി കൊണ്ടു് അന്വേഷിച്ചപ്പോൾ സ്വർഗ്ഗനരകങ്ങൾ രണ്ടും തന്നിൽ തന്നെയാണെന്നു് കണ്ടുപിടിച്ചു. ആകപ്പാടെ സകലതും മനസ്സിന്റെ കളി തന്നെയെന്നു വന്നു കൂടുന്നു. ലഗ്നാലും, ചന്ദ്രാലും എന്നു പറയുംപോലെ, ശാസ്ത്രത്വേനയായാലും, കാവ്യത്വേനയായാലും, മററൊരു നിഗമനം കേവലം ദുസ്സാധ്യം തന്നെ.

കല എന്നതു് മനുഷ്യമനസ്സിന്റെ മറെറാരു സൃഷ്ടിവിശേഷമാകുന്നു. മനസ്സു് സ്വന്തമായ സൃഷ്ടിയിലേർപ്പെടുന്നതു് കലാവ്യാപാരവേളയിലാണെന്നു് പറയാം. ബാഹ്യ പ്രകൃതിയിൽ ആറു രസങ്ങൾ, ആറു വികാരങ്ങൾ മുതലായവയാണുള്ളതു്. എന്നാൽ കലയിൽ ആറു വികാരങ്ങളെ കവിഞ്ഞു് വികാരങ്ങൾ തന്നെയുണ്ടു്. രസങ്ങളുടെ കാര്യവും അങ്ങനെ തന്നെ. ഒൻപതു് ഭാവങ്ങളെ അടിസ്ഥാനമാക്കി ഒൻപതു് രസങ്ങൾ കലാമുഖേന അനുഭൂതമാകുന്നുണ്ടു് എന്നുള്ളതു് വിസ്തരിക്കാൻ വയ്യ. അതുതന്നെയുമല്ല, പ്രകൃതിയിൽ അറിവിനുവേണ്ടി മനസ്സു് ബാഹ്യവസ്തുക്കളുമായി കൂട്ടിമുട്ടുമ്പോൾ, കലയിൽ ബാഹ്യവസ്തുക്കളെ നാമമാത്രമായി ആശ്രയിച്ചുകൊണ്ടു, അവയെ കരുക്കളാക്കിക്കൊണ്ടു് പുതിയ പുതിയ സൃഷ്ടികർമ്മങ്ങളിൽ ഏർപ്പെടാൻ മനസ്സിനു കഴിയും. അതു മനസ്സിന്റെ മാത്രം കഴിവാണു്, ബാഹ്യവസ്തുക്കളുടേതല്ല. എന്തെന്നാൽ സാധാരണ യഥാതഥമായ അറിവിൽ നിങ്ങളും ഞാനും തുല്യരാണു്. ഒരു പുസ്തകം നാം രണ്ടുപേർ കാണുന്നു എന്നിരിക്കട്ടെ. രണ്ടു കാഴ്ചകളും ഒന്നുപോലെ തന്നെയിരിക്കും. പുസ്തകത്തിന്റെ നീളം വീതി നിറം മുതലായവയിൽ രണ്ടുപേരുടേയും അനുഭവങ്ങൾ തമ്മിൽ വ്യത്യാസമില്ല. അതാണു യഥാർത്ഥമായ അറിവിൽ പൊതുവെ എല്ലാവരും തുല്യരാണെന്നു പറഞ്ഞതു്. നേരെമറിച്ചു്, മനസ്സിന്റെ സ്വന്തസൃഷ്ടിയെന്നു പറയാവുന്ന കലയിലെ കഥ ഇതല്ല. സൂര്യോദയം എല്ലാവരും യഥാതഥമായി കാണുമ്പോൾ തുല്യമാണെങ്കിലും അവരുടെ എല്ലാം മനസ്സിന്റെ സ്വന്തം സൃഷ്ടികർമ്മത്തിൽ അകപ്പെടുമ്പോൾ അൽഭുതകരമായ വൈചിത്ര്യം ദൃശ്യമാ

യിത്തീരുന്നു. ഉദാഹരണമായി സൂര്യോദയത്തെപ്പററി കവിതയെഴുതാൻ പത്തുപേരോടു ആവശ്യപ്പെടുക. എല്ലാവരും ഒരേരൂപത്തിൽ കണ്ടിരിക്കുന്ന സൂര്യോദയം കാവ്യരൂപേണ പ്രതിബിംബിക്കുമ്പോൾ പത്തും പത്തുതരത്തിലായിരിക്കും. ഇതിൻ കാരണം വ്യക്തികളുടെ മനസ്സിനു സൃഷ്ടികർമ്മത്തിലേർപ്പെട്ടപ്പോഴുള്ള വൈജാത്യമാണു്. ഇതിൽനിന്നു സാധിക്കുന്നതു്, മനസ്സിൻെറ ആ കർമ്മം യഥാർത്ഥമെന്നു് തോന്നിക്കുന്ന പ്രകൃതിയിൽ നിന്നു ഭിന്നമാണെന്നാകുന്നു. ഇതുകൊണ്ടാണു കല പ്രകൃതിയുടെയോ; ജീവിതത്തിൻെറയോ, പകർപ്പല്ലെന്നും, അതൊരു നൂതന സൃഷ്ടിതന്നെയാണെന്നും പറയുന്നതു്.

ഒന്നിനെ മറെറാന്നാക്കി മാററുക എന്നുമാത്രം അർത്ഥമുള്ള "സൃജ്" ധാതുവിൽനിന്നു ഉൽഭവിച്ച സൃഷ്ടിശബ്ദത്തിനു ഇല്ലാത്ത ഒന്നിൽനിന്നു പുതുതായി ഒന്നുണ്ടാക്കുക എന്നർത്ഥമില്ല. അഥവാ, കപിലൻെറ കേവലം ശാസ്ത്രീയമായ "സത്കാര്യവാദ"മാണു് സൃഷ്ടിശബ്ദംകൊണ്ടു കുറിക്കപ്പെടുന്നതു്. മേശയും, കസേരയും നാം സൃഷ്ടിക്കുന്നു. പക്ഷെ അവയുടെ വസ്തു അവക്കുമുമ്പുതന്നെയുണ്ടു്. ഇല്ലെങ്കിൽ മേശയും കസേരയും ഉണ്ടാകയില്ല. എന്നാൽ മേശയും കസേരയും പൂർവവസ്തുവായ തടിയാണെന്നാർക്കും തികച്ചും ഫലപ്രദമായി വാദിക്കാവുന്നതുമല്ല. ഇതിനുകാരണം നൂതനസൃഷ്ടിയുടെ ഒരു ഘടകം അവയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളതാണു്. പ്രപഞ്ചത്തിലെ സകല വസ്തുക്കളും പ്രപഞ്ചം തന്നെയും ഇങ്ങനെയില്ലാത്ത ഒന്നിൽനിന്നു ഉണ്ടായതല്ല, പൂർവവസ്തുവിൽനിന്നു് പരിണമിച്ചു് നൂതനസൃഷ്ടിയായി തീർന്നതാണു് എന്നു് സത്കാര്യവാദം മുന്നോട്ടു നീങ്ങുന്നു. അതു മാത്രം കൊണ്ടായില്ല. സത്കാര്യവാദത്തിൽ ഒരുപ്രധാനഘടകം കൂടി ഉൾപ്പെടുന്നുണ്ടു്. ഒന്നിൽനിന്നു ഒരു വസ്തു ഉണ്ടാകുന്നുവെങ്കിൽ ഉണ്ടായവസ്തു മൂലവസ്തുവിൻെറ ജാതിയിലല്ലാതെ മറെറാരുജാതിയിൽ പെടുകയില്ല. മാങ്ങയണ്ടിയിൽ നിന്നു് മാവല്ലാതെ ഒരു പ്ലാവോ കമുകോ ഉണ്ടാകയില്ലെന്നു ചുരുക്കം.

ശരി, ഇതിനെ കലാസൃഷ്ടിയിലേക്കു എങ്ങനെ പകർത്താമെന്നു നോക്കാം. പ്രകൃതിയിലെയും ജീവിതത്തിലെയും വസ്തുപാദികളെ. കലയുടെ ഘടകങ്ങളാക്കി സ്വീകരിക്കുന്ന മനസ്സാണു സൃഷ്ടികർത്താവു്. അഥവാ വസ്തുപാദികളെ മനസ്സ് മറെറാന്നാക്കി മാററുന്നു. അതിനാൽ കലയിൽ വസ്തുപാദികൾ ഉണ്ടായിരുന്നേ മതിയാവൂ എന്നു സത്കാര്യവാദപ്രകാരം സിദ്ധം. അതേസമയം സൃഷ്ടികർത്താവിൽനിന്നു ഉൽഭവിക്കുന്ന സൃഷ്ടിക്കു സൃഷ്ടികർത്തൃസ്വഭാവം കൂടിയേ കഴിയൂ എന്നുള്ളതും അപ്രകാരംതന്നേ സിദ്ധമാകുന്നു. ഉള്ളിൽ ഉള്ളതു മാത്രമേ വെളിയിൽ പ്രകടിപ്പിക്കാൻ സാധിക്കയുള്ളൂ എന്നർത്ഥം വരുന്ന ആ ക്രിസ്സുവാക്യം ഈ ഘട്ടത്തിൽ സ്മരിക്കുക. ഓരോ വ്യക്തിയുടെ മനസ്സു് ഓരോ സ്വഭാവമുള്ളതാണു്. അതിനാൽ പല വ്യക്തികൾ സൂര്യോദയത്തെപ്പററിത്തന്നേ എഴുതിയാലും അവരുടെയെല്ലാം ചിത്രങ്ങൾ പല തരത്തിൽ ഇരിക്കുമെന്നു ഇങ്ങനെ വ്യക്തമാകുന്നു. അഥവാ കലയിൽ മനുഷ്യരെല്ലാം പ്രകൃതിയെ സ്വന്തം മനസ്സിൻെറ സ്വഭാവമനുസരിച്ചു മാററിമറിച്ചു പുതിയരൂപത്തിൽ പുനഃപ്രദർശിപ്പിക്കുന്നു എന്നു സ്പഷ്ടം. ഇതാണു കലാവസ്തുക്കളിലെ വ്യക്തിത്വം, വ്യക്തിമുദ്ര എന്നെല്ലാം വ്യവഹരിക്കപ്പെടുന്നതു്. സത്കാര്യവാദപ്രകാരം സൃഷ്ടിയിൽ ഇങ്ങനെ നിരന്തരമായ ഒരു മാററിമറിപ്പു മാത്രമേ നടക്കുന്നുള്ളൂ. മനുഷ്യൻ കലയിൽ അതുതന്നെ ചെയ്യുന്നതിനാൽ "അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതി" എന്നുള്ള ചൊല്ലു അത്യന്തം സാർത്ഥകമായുണ്ടായി എന്നു മനസ്സിലാക്കാവുന്നതാണു്.

സൗന്ദര്യാവബോധം എന്നതു മനുഷ്യമനസ്സിൻെറ ഒരു പ്രത്യേകതയാണെന്നു പറഞ്ഞുകൂടാ. മിക്കജന്തുക്കൾക്കും കാര്യകാരണബോധമുണ്ടെന്നും യുക്തമായി കുറെ ദൂരംവരെ ചിന്തിക്കാൻ അവക്കു് ഏതാണ്ടു മനുഷ്യരെപ്പോലെതന്നെ സാധിക്കുമെന്നും ഡാർവിൻ "Descent of man" എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ടു്. ആവക ജന്തുക്കൾക്കു വിശേഷിച്ചു് ഇണചേരും കാലത്തിൽ, ഒരു സൗന്ദര്യബോധവും ഉണ്ടു്. എന്നാൽ മനുഷ്യനെപ്പോലെ കലാരൂപേണ അതു് ആവിഷ്കരിക്കാൻ അവക്കു സാധിക്കുന്നില്ല. മനുഷ്യവർഗ്ഗത്തിലെ ഓരോ വ്യക്തിയുടെയും സൗന്ദര്യബോധം ഓരോന്നാണു താനും. അതിനാൽ കലാസൃഷ്ടിയിൽ ഓരോ വ്യക്തിയും അപരനിൽ നിന്നു ഭിന്നനായിരിക്കുന്നു. ഒരേ വസ്തുതന്നെ ഭിന്നവ്യക്തികളുടെ സൃഷ്ടികർമ്മത്തിനു വിധേയമാകുമ്പോൾ ഭിന്നഭിന്നങ്ങളായ രൂപങ്ങൾ കൈക്കൊള്ളുന്നു എന്നു മുൻപറഞ്ഞതല്ലോ. മനസ്സിലെ സൗന്ദര്യബോധത്തിൻെറ അളവും ഗുണവും വ്യത്യസ്തമായിരിക്കുന്നതാണു് ഈ വൈജാത്യത്തിൻ കാരണം. സൗന്ദര്യബോധമില്ലാത്ത ഒരുവൻ സൂര്യോദയം കണ്ടാൽ അവനു പ്രത്യേകിച്ചൊന്നും തോന്നുകയില്ല! നേരെ മ

റിച്ച സൗന്ദര്യബോധം തികഞ്ഞ ഒരുവൻ അതു കാണുമ്പോൾ ഒന്നാംതരം കവിത അവനിൽനിന്നു നിർഗളിക്കുന്നു. അതിനാൽ പ്രകൃതിയിൽ സൗന്ദര്യമില്ലെന്നും, മനുഷ്യമനസ്സിലെ സൗന്ദര്യബോധമാണു് പ്രകൃതിയെ ആസ്പദമാക്കി കലയായി രൂപാന്തരപ്പെടുന്നതെന്നും വ്യക്തമാകുന്നു. ഇതിനു വിരുദ്ധമായി, പ്രകൃതിയിലാണു് സൗന്ദര്യം നിക്ഷിപ്തമായിരുന്നതെങ്കിൽ ഞാനും നിങ്ങളും, മറ്റുള്ളവരും ഒരേ രൂപത്തിൽ ആ സൗന്ദര്യം കാണുമായിരുന്നു. നമ്മുടെ അനുഭവത്തിൽ ഇങ്ങനെ സംഭവിക്കുന്നില്ല. വസ്തു അവിടെയുണ്ടു്. പക്ഷെ അതിൽ സൗന്ദര്യം കാണാൻ ഉള്ളിൽ സൗന്ദര്യബോധമുള്ളവനു മാത്രമേ കഴിയുന്നുള്ളു. വീണ ഉണ്ടായാൽ പോരാ; അതിൽനിന്നു മനോഹരത ഉൽപാദിപ്പിക്കാൻ (സംഗീത) സൗന്ദര്യബോധമുള്ള വൈണികൻ തന്നെ വേണം.

സ്വതേ സൗന്ദര്യബോധമാണു് കലയുടെയെല്ലാം പ്രഭവസ്ഥാനമെങ്കിൽ വിഷയമല്ല പ്രധാനമെന്നു് വന്നുകൂടുന്നു. അഥവാ ഏതു വിഷയവും കലയ്ക്കു് സ്വീകാര്യമാണു്. സുന്ദരമായി പ്രതിപാദിക്കാനുള്ള സൗന്ദര്യബോധം കലാകാരനുണ്ടായിരിക്കണമെന്നേയുള്ളു. നാലപ്പാടൻ "മണൽത്തരി"യെപ്പറ്റിയും, ഉള്ളൂർ "മഴത്തുള്ളി"യെപ്പറ്റിയും കവിതയെഴുതിയ ഈ കേരളത്തിൽ ഈ തത്വം ഒരു പുത്തരിയായിരിക്കയില്ല. പ്രപഞ്ചത്തിലെ ഏതൊരു വസ്തുവും കലാവിഷയം തന്നെയാണു്. "അവികല മലമൂത്ര മാംസപൂർണ്ണം" എന്നു എഴുതിയ കവി യാതൊരു അശ്ലീലതയ്ക്കും പിഴ മൂളുകയില്ലതന്നെ. കാണേണ്ട രീതിയിൽ കാണുക, പറയേണ്ട രീതിയിൽ പറയുക—അപ്പോൾ മലമൂത്രാദികൾ പോലും കലയിൽ ഹൃദ്യമായിത്തീരാതെ നിവൃത്തിയില്ല. വാസ്തവത്തിൽ കാഴ്ചയും, പറച്ചിലും ബാഹ്യമല്ല, ആന്തരമാണു് എന്നുള്ളതിനാൽ ആ നികൃഷ്ട വസ്തുക്കളെപ്പോലും സുന്ദരമാക്കി മാറ്റാൻ കലാകാരന്റെ സൗന്ദര്യബോധമാണു് പ്രയോജനപ്പെടുന്നതെന്നു കാണാവുന്നതാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ കല എന്നതു് വിഷയത്തിനു ഉപരിയാണു്, വിഷയാതീതമാണു്, എന്നും മനസ്സിലാക്കേണ്ടിവരുന്നു.

കല മനുഷ്യമനസ്സിന്റെ സൃഷ്ടിയാണെന്നും തന്നിമിത്തം മനസ്സിന്റെ വൈജാത്യമനുസരിച്ചു ഒരേ വിഷയത്തെ ആസ്പദമാക്കി പലർ എഴുതുന്ന കവിതയിൽപോലും സൃഷ്ടിവൈജ വന്നുകൂടുമെന്നാണു് ഇതുവരെ പറഞ്ഞതു്. തന്നിമിത്തം ഏതു വിഷയവും കലാവിഷയമാകുമെന്നും പറഞ്ഞു. ഇതിൽനിന്നു മനസ്സിലാകുന്നതു് ഓരോ വ്യക്തിയുടെ സ്ഥായിയായ സ്വഭാവമനുസരിച്ചാണു് കല ഉത്ഭവിക്കുന്നതെന്നാണല്ലോ. ഇതു മുഴുവൻ ശരിയല്ല. എന്തെന്നാൽ ഒരു മനുഷ്യനു് ജനനം മുതൽ മരണംവരെ ഒരു സ്ഥിരസ്വഭാവമുണ്ടായിരിക്കുമെങ്കിലും, പ്രായഭേദവും, സന്ദർഭഭേദവും അനുസരിച്ചു് അവന്റെ ഭാവങ്ങൾക്കു് ചില വ്യത്യാസങ്ങൾ സംഭവിക്കാറുണ്ടു്. അതിനാൽ പ്രകൃതിവസ്തുക്കളെ കണ്ടുമതിക്കുന്ന രീതിയിൽ തന്നെ പ്രായഭേദവും സന്ദർഭഭേദവും മൂലം ചില മാറ്റങ്ങൾ വീണ്ടും സംഭവിക്കുന്നു. ആദ്യം വിപ്ലവാത്മകന്മാരായിരുന്ന കോൾറിഡ്ജ്, ഹാസ്ലിറ്റ് മുതലായവർ പിൽക്കാലത്തു് ആ ഭാവം ഉപേക്ഷിച്ചു് ശാന്തത കാണിക്കാൻ തുടങ്ങിയതു് പ്രായഭേദംകൊണ്ടുള്ള മാറ്റത്തിനു് ഉദാഹരണമായിരിക്കും. എന്നാൽ സന്ദർഭഭേദംകൊണ്ടുള്ള മാറ്റം കൂടുതൽ വൈചിത്ര്യജനകവും മനസ്സിനെ സംബന്ധിച്ചിടത്തോളം വിശിഷ്യ ചിന്തനീയവും ആയിരിക്കുമെന്നുള്ളതിനാൽ അതിനെപ്പറ്റി ഇവിടെ അൽപം വിവരിക്കേണ്ടിയിരിക്കുന്നു.

വിരഹാർത്തയായ ദമയന്തി തോഴിയോടു് പറയുകയാണു്:—

"കുരു കരേ ഗുരുമേക മയോഘനം
ബഹിരിതോ മുകുരഞ്ച കുരുഷ്വമേ,
വിശതി തത്ര യദൈവ വിധുസ്തദാ,
സഖി, സുഖാദഹിതം ജഹിതം ദ്രുതം"

ഇവിടെ ചന്ദ്രനെപ്പറ്റി നായിക കോപിക്കുകയാണു്. കാരണം, വിരഹംകൊണ്ടു് ചന്ദ്രിക അവൾക്കു ദുസ്സഹമായിത്തീർന്നിരിക്കുന്നു. വിരഹാർത്തന്മാർക്കു് നല്ല പുസ്തകം വായിക്കാൻ തോന്നുകയില്ല. സിനിമാ കാണാൻ രസമില്ല. ഉദ്യാനത്തിൽ പോയിരിക്കാമെന്നുവെച്ചാൽ അവിടെ പ്രിയാസ്മരണം കൂടുതൽ ദുഃഖഹേതുകമായിരിക്കും. ചന്ദ്രിക കാണുമ്പോൾ പല സംഭവങ്ങളുടെയും സ്മരണകൾ ഹൃദയത്തെ നീറ്റിത്തുടങ്ങും. അങ്ങനെ ചന്ദ്രികപോലും വിരഹികൾക്കു തീക്കനലിന്റെ ഫലം ചെയ്യുമെന്നുള്ള കവിസങ്കേതം ഉത്ഭവിച്ചു. ഇതെല്ലാം സന്ദർഭഭേദമനുസരിച്ചുള്ള മാനസികവ്യത്യാസത്തിനു് ഉദാഹരണങ്ങളാണു്. ചന്ദ്രൻ തന്നി-

# അമ്മയോട്

(ടാഗോർ)

ചണ്ഡദുഃഖനിമഗ്നമാമെന്നുടെ
കണ്ണുനീർത്തുള്ളിയൊന്നിനാലമ്മേ ഞാൻ
നിൻ കഴുത്തിലണിയുവാനായൊരു
മുത്തുമാല കൊരുത്തിടാം നന്നായി
താവകപദവന്ദനത്തിന്നായി
ശുഭ്രവെള്ളിമയമാം നല്ല ചിലമ്പുകൾ
നിർമ്മിച്ചിടുന്നു താരകങ്ങളെങ്കിലും
എന്നുടെ മാലയണിഞ്ഞിട്ടും നിന്മാറിൽ.
വിത്തവും സത്പ്രസാദയിവയെല്ലാ-
മെത്തിടുന്നു, ഭവതിയിൽനിന്നു താൻ
എങ്കിലുമവ നൽകുകയെന്നതും
തങ്കൽ സൂക്ഷിക്കുകെന്നതും നിന്നിഷ്ടം
ഉത്കടമാകുമീ ദുഃഖമെന്നുടെ
സ്വന്തമാണെന്നതന്നെയുമല്ലതു്
പാരിതോഷികമായി നിൻപാദത്തിൽ
പ്രീതാഹ്ളാദം ഞാൻ സമർപ്പിക്കുമ്പോൾ
ദേവി നിന്നുടെ കാരുണ്യമൊന്നിനാൽ
ഈയെളിയവനേകുന്നു തത്ഫലം.

പരിഭാഷകൻ—എൻ സി പുരുഷോത്തമക്കൈമൾ

---

മിക്കും പൊതുവേ വിരഹികളുടെ ശത്രുവായിത്തീരുന്നു. അങ്ങിനെയുള്ള ചന്ദ്രനെ പെട്ടെന്നു വകവരുത്താൻ വിരഹിണിയായ ദൈമി നല്ല ഒരു ഉപായം കണ്ടുപിടിച്ചു. തോഴി ഒരു കണ്ണാടിയെടുത്തു വെളിയിൽ കൊണ്ടുവരട്ടെ. ഒരു ഇരുമ്പുണ്ടയുംകൂടി കൈയിൽ ഇരിക്കണം. ചന്ദ്രൻ ഉദിച്ചു പൊങ്ങുമ്പോൾ കണ്ണാടിയിൽ അവൻ കടക്കും. അതോടെ ഇരുമ്പുണ്ടകൊണ്ടു തോഴി കണ്ണാടിയിൽ ഒററയടി കൊടുത്താൽ ചന്ദ്രന്റെ കഥ കഴിയുമെന്നുള്ളതിൽ എന്താണു സംശയം! വിരഹദുഃഖം ഉന്മാദാവസ്ഥയെ പ്രാപിച്ച ഒരു മനസ്സിന്റെ വിക്രിയയാണു ശ്ലോകത്തിൽ കാണുന്നതു്. അഥവാ "കാമാർത്താഹി പ്രകൃതികൃപണാഃ" എന്നു കാളിദാസനും പറയുന്നുണ്ടല്ലോ. അപ്പോൾ കാർപ്പണ്യം എന്ന ദോഷം മൂലം ലോകത്തെ വീക്ഷിക്കുന്നതിൽതന്നെ മാററം വരുമെന്നും, അതനുസരിച്ചു് ഒരിക്കൽ സുന്ദരമായിരുന്ന വസ്തു അസുന്ദരമായിത്തീരുമെന്നും വ്യക്തമാകുന്നു. ഒരേ മനസ്സിനുതന്നെ ഇങ്ങനെ പല പല മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നും, അതനുസരിച്ചു സൗന്ദര്യബോധത്തിനു മാററമുണ്ടായില്ലെങ്കിലും അതിന്റെ ഉപാധികൾ മാറുമെന്നും കാണാൻ കഴിയും.

കാവ്യത്തിനും കലയ്ക്കും ഒരു പ്രത്യേക വിഷയം മാത്രമേ സ്വീകാര്യമാകയുള്ളു എന്നില്ലെന്നും, മനുഷ്യമനസ്സിന്റെ സൗന്ദര്യാവിഷ്കരണസന്നദ്ധത മാത്രമാണു കാര്യമെന്നും മേൽപ്പറഞ്ഞതിൽനിന്നെല്ലാം വെളിവാകുന്നുണ്ടു്. അതിനാൽ പുതിയ വിഷയങ്ങൾ കവികൾ സ്വീകരിച്ചുകൂടെന്നോ, പഴയ വിഷയങ്ങൾ മാത്രമേ ശരണമായുള്ളു എന്നോ ആർക്കും വാദിക്കാവുന്നതല്ല. എന്നാൽ അദ്യതന്യായത്തിൽതന്നെ പഴയതിനെയെല്ലാം പുറംതള്ളുന്നതും, പുതിയതിനെയെല്ലാം താലോലിക്കുന്നതും ഗർഹണീയമായിരിക്കും. പഴയതായാലും പുതിയതായാലും കാവ്യധർമ്മത്തിനു ന്യൂനത വരാതിരിക്കാൻ കലാകാരന്മാർ എപ്പോഴും ശ്രദ്ധിക്കണം. അതില്ലെങ്കിൽ രണ്ടിലും കൊള്ളാവുന്നതൊന്നും ശേഷിച്ചില്ലെന്നു വരും. അതു സ്വന്തം ഉദ്ദേശത്തെ സ്വയം പരാജയപ്പെടുത്തുന്നതിനു തുല്യമായിരിക്കുമെന്നാണു സാഹിത്യകാരന്മാരിൽ പഴയവരും പുതിയവരും ഒന്നുപോലെ ഓർത്തിരിക്കേണ്ടതു്. എന്തെന്നാൽ വിഷയത്തിനു മാത്രമേ പഴമയും പുതുമയുമുള്ളു. കലാധർമ്മം എന്നും ഒന്നുതന്നെയാണു്. ആഹാരസാധനങ്ങൾ ഇടക്കിടെ മാറിയാലും ശരീരത്തെ നിലനിറുത്തുകയെന്ന ആഹാരധർമ്മം അവ്യഭിചാരേണ എന്നും പുതുതായിത്തന്നെ ശേഷിക്കുന്നതാണല്ലോ.

റഷ്യയും മതവും

# ലെനിന്റെ വ്യക്തിമാഹാത്മ്യം

(കാൻറർബറി ഡീൻ)

II

യുദ്ധത്തിന്റെ കലകളിൽ റഷ്യ ശക്തമാണു്, കാരണം, സമാധാനത്തിന്റെ കലകളിൽ റഷ്യ ശക്തമാണു് എന്നതുതന്നെ. റഷ്യ വലിയ ശാസ്ത്രീയവും സാന്മാർഗ്ഗികവുമായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഒന്നു നിർമ്മിച്ചുവരികയാണു്; ഇതിനെപ്പററി മൂന്നു വീക്ഷണഗതികളിലൂടെ പ്രസ്താവിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. റഷ്യ ശാസ്ത്രത്തിന്റെ പരിധിയിൽ ചിലതു ചെയ്തിട്ടുണ്ടു്; സന്മാർഗ്ഗനിയമങ്ങളുടെ പരിധിയിൽ മഹത്തായ രണ്ടു പ്രധാന സംഗതികൾ ചെയ്തിട്ടുണ്ടു്. ഇവയാണു റഷ്യയുടെ നേട്ടത്തിനു ഉത്തരവാദിത്വം വഹിക്കുന്നതു്.

ആദ്യമായി ശാസ്ത്രീയവശം എടുത്തു നോക്കുക. അതിൽ എനിക്കു് അധികം രസം തോന്നുന്നുണ്ടു്; കാരണം ഞാൻ വിദ്യാഭ്യാസം കൊണ്ടു് ഒരു ശാസ്ത്രജ്ഞനും എഞ്ചിനീയരുമാണു്. അതുകൊണ്ടു ഞാൻ സംഗതികളെ രണ്ടു വീക്ഷണഗതികളിലൂടെ കാണുന്നു; ഒരു എഞ്ചിനീയരുടേയും ഒരു മതപുരോഹിതന്റേയും കണ്ണുകളിലൂടെ. ഒരു സംഗതി രണ്ടു വീക്ഷണഗതികളിലൂടെ കാണുകയാണെങ്കിൽ, ഒരൊറ്റക്കണ്ണുകൊണ്ടു കാണുന്നതിൽ അധികം ജീവനോടെ അതു കാണുവാൻ കഴിയുമെന്നും ഞാൻ വിചാരിക്കുന്നു.

ശാസ്ത്രസംബന്ധമായി റഷ്യ പുതുതായി ചിലതെല്ലാം ചെയ്തിട്ടുണ്ടു്. ആധുനിക ശാസ്ത്രത്തിന്റെ ഗതിയെ ശരിയായി മനസ്സിലാക്കി അതിൽ ഉറച്ച വിശ്വാസത്തോടെ പ്രവർത്തിക്കുന്ന ആദ്യത്തെ ഭരണം റഷ്യൻഭരണം ആണെന്നും തോന്നുന്നു അവരുടെ വിദ്യാഭ്യാസം—മിക്കവരുടേയും കാര്യത്തിൽ സ്വയം അഭ്യസിച്ച വിദ്യ—അവരെ ആ വഴിക്കാണു നയിച്ചിട്ടുള്ളതു്. ഇന്നു ലെനിനെ ഞാൻ കാണുന്നതു് ഒരു മികച്ച തത്വശാസ്ത്രജ്ഞനായും ഒരു അദ്വിതീയനായ സംഘടനാനിർമ്മാതാവായും, ഏററവും മഹത്തായ ഒരു നേതൃത്വശക്തിയായുമാണു്. അദ്ദേഹത്തെ അവഗാഢമായ ശാസ്ത്രജ്ഞാനമുള്ള ഒരാളായും ഞാൻ ഇന്നു കാണുന്നു. ഇവിടെ (ലണ്ടനിൽ) ബ്രിട്ടീഷ് മ്യൂസിയത്തിൽ (ലോകത്തിലെ ഏററവും വലിയ ഗ്രന്ഥശേഖരത്തിൽ—പരിഭാഷകൻ) പകുതി പട്ടിണിയിൽ ദൈനംദിനം ജീവിച്ചു ശാസ്ത്രീയരീതികളും ശാസ്ത്രീയനേട്ടങ്ങളും ശാസ്ത്രത്തിന്റെ ഗതികളും പഠിക്കുന്ന ഒരാളായിട്ടാണു ഞാൻ ഇന്നു ലെനിനെ വിഭാവനം ചെയ്യുന്നതു്.

ഒരുപക്ഷെ, പഴയ രാജ്യങ്ങളിൽ; അല്ലെങ്കിൽ നമ്മുടേതുപോലെയുള്ള (ബ്രിട്ടനെപ്പോലെയുള്ള) രാജ്യങ്ങളിൽ ഭരണാധികാരികളെ ഗ്രീസിലേയും റോമിലേയും വിജ്ഞാനങ്ങളുടെ അടിസ്ഥാനത്തിന്മേലാണു് അഭ്യസിപ്പിച്ചിട്ടുള്ളതു്. ആ അഭ്യസനത്തിനു വളരെ വിലയുമുണ്ടു്. എന്നാൽ നമ്മുടെ രക്ഷാകർത്താവിന്റെ (യേശുക്രിസ്തുവിന്റെ) വാക്കുകളെ നാം ഓർമ്മിക്കണം:— "സ്വർഗ്ഗരാജ്യത്തേയ്ക്കു നയിക്കപ്പെടുന്ന ഓരോ എഴുത്തുകാരനും ഒരു ഗൃഹാധിപനെപ്പോലെയാണു്; അയാൾ തന്റെ ഭണ്ഡാഗാരത്തിൽനിന്നു പഴയതും പുതിയതുമായ സാധനങ്ങൾ പുറത്തുകൊണ്ടുവരുന്നു." ഞാൻ ഇപ്പറഞ്ഞതു വേണമെന്നുവച്ചു പിഴച്ചു പറഞ്ഞതാണു്. അദ്ദേഹം അതു പറഞ്ഞിട്ടില്ല. അദ്ദേഹത്തിനു പഴയതുകളുടെ വില അറിയാമായിരുന്നു, പക്ഷെ അവയെ അദ്ദേഹം ആദ്യം പറഞ്ഞില്ല. അദ്ദേഹം പറഞ്ഞതു് "അവൻ ബുദ്ധിമാനായ ഒരു ഗൃഹനായകനെപ്പോലെയാണു; തന്റെ ഭണ്ഡാഗാരത്തിൽനിന്നു പുതിയതും പഴയതുമായ സാധനങ്ങളെ പുറത്തുകൊണ്ടുവരുന്നു." പഴയതെല്ലാം നിങ്ങളെ ശരിയായ മാർഗ്ഗത്തിൽക്കൂടി നയിക്കുന്നു; പക്ഷെ കണ്ണു് എപ്പോഴും പുതിയതിന്മേലായിരിക്കണം. നാം പഴയ കാലത്തിന്റെ മാതൃകകളിന്മേൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചിരിക്കണം; വേണമെന്നുദ്ദേശിച്ചിട്ടല്ല; നമ്മുടെ വിദ്യാലയങ്ങളിലെ അഭ്യസനരീതി അതായതുകൊണ്ടു മാത്രം അങ്ങിനെ പററിപ്പോയതാണു്—ഇന്നു് അതു മാറുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. റഷ്യാക്കാർക്കാകട്ടെ, അവർക്കു ശാസ്ത്രീയവും പുരാ[illegible]

വീക്ഷണഗതിയാണു് ഉണ്ടായിട്ടുള്ളതു്. അവർ പഴയതിൽനിന്നു പകർത്തുവാൻ മിനക്കെട്ടിരുന്നതിലധികം പുതിയതിനെ പരീക്ഷിക്കുവാനാണു ശ്രമിച്ചിരുന്നതു്. പരീക്ഷണം, അറിയാത്തതിനെ ആരായൽ—ഇവയാണവരുടെ വാക്കുകൾ; ഇവ ശാസ്ത്രത്തിന്റെ വാക്കുകളാണു്.

ക്രിസ്ത്യാനികൾ പൊതുവെ "പിൻനോക്കി"കളാവാനാണു വഴിയുള്ളതു്. എന്നാൽ പരിപാവനമായ ആത്മാവിന്റെ തത്വം നമുക്കു ശരിക്കു മനസ്സിലായിട്ടുണ്ടെങ്കിൽ, നാം മുന്നോട്ടു നോക്കുന്നവരായിരിക്കേണ്ടവരാണു താനും. സെൻറു് ജോണിന്റെ സുവിശേഷത്തിലെ ഒരു ഈരടി നാം പിഴച്ചു വ്യാഖ്യാനിക്കുവാനാണു് അധികം വഴി. നമ്മുടെ വാസന അങ്ങിനെയാണു്. അതിൽ പറയുന്നതു് "ആത്മാവു നമ്മെ എല്ലാ സത്യത്തിലേക്കും നയിക്കുന്നു" എന്നാണു്. നമുക്കു മനസ്സിലാക്കാൻ കഴിയുന്ന സത്യത്തിന്റെ ഒരു കെട്ടിൽ നമ്മെ അതു നിറുത്തും, നമുക്കു മനസ്സിലാക്കാൻ കഴിയാത്ത സത്യത്തിന്റെ ഒരു കെട്ടിലേക്കു അതു നമ്മെ നയിക്കുമെന്നല്ല നാം അതിൽനിന്നു മനസ്സിലാക്കുന്നതു്. ഈ രണ്ടാമതു പറഞ്ഞതാണു മുന്നോട്ടുള്ള നോട്ടം. ആ വീക്ഷണഗതിവച്ചു നോക്കുമ്പോൾ ശാസ്ത്രീയവീക്ഷണഗതി അത്രയും ക്രിസ്തുമതാനുസാരിയാണു്. "ശാസ്ത്രം ഒന്നു മാത്രമാണു് ആധുനികജീവിതത്തിലെ യഥാർത്ഥ ക്രിസ്തുമതതത്വം" എന്നു പറഞ്ഞ പ്രൊഫസ്സർ മാക്മറെ എന്താണുദ്ദേശിച്ചതെന്നു് എനിക്കു തികച്ചും മനസ്സിലാക്കുവാൻ കഴിയും; എനിക്കു് ആ വീക്ഷണഗതിയോടു് ഏററവുമധികം അനുഭാവമുണ്ടു്. അറിയാത്തതിനെ ആരായാനും, മുന്നോട്ടുനോക്കുവാനുമുള്ള ധൈര്യത്തോടുകൂടി താൻ ജീവിക്കുന്ന ലോകം മനസ്സിലാക്കുവാൻ ഉറച്ചിട്ടുള്ളവനാണു് ശാസ്ത്രജ്ഞൻ. തന്റെ ലോകത്തെക്കുറിച്ചു ആദ്യംതന്നെ ഊന്നിയുറപ്പിച്ച അഭിപ്രായങ്ങളല്ല, അതെന്താണെന്നറിയാനുള്ള ആഗ്രഹം, ഭൗതികമായ ലോകം, അവ്യയവപൂർണ്ണമായ ലോകം, എന്താണെന്നറിയാനുള്ള ജിജ്ഞാസയാണു് അയാൾക്കുള്ളതു്.

റഷ്യ ശാസ്ത്രത്തിൽ വിശ്വസിച്ചിട്ടുണ്ടു്. അവിടെ സ്കൂളുകളിലും പത്രങ്ങളിലും സ്ഥാപനങ്ങളിലും, ശൈശവം മുതൽക്കേ ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നു. റഷ്യ രണ്ടുകൈകൊണ്ടും ശാസ്ത്രത്തിന്റെ കുറവുകളെ പരിഹരിക്കുന്നു. ഉദാഹരണമായി ബ്രിട്ടീഷ്സാമ്രാജ്യത്തിൽ പ്രവർത്തിയെടുക്കുന്ന ഭൂഗർഭവിജ്ഞാനം പഠിച്ച ശാസ്ത്രജ്ഞന്മാരുടേയും, അതേ ശാസ്ത്രം പഠിച്ചു റഷ്യയിൽ പ്രവർത്തിക്കുന്നവരുടെയും സംഖ്യ ഒന്നെടുത്തു നോക്കാം. ഇവിടെ ആ ശാസ്ത്രജ്ഞന്മാരുടെ എണ്ണം കുറെ നൂറുകളാണെങ്കിൽ, അവിടെ ഭൂമിയെ അപഗ്രഥനംചെയ്തു് അതിലെ സമ്പൽസമൃദ്ധി മനസ്സിലാക്കി പ്രവർത്തിക്കുന്നവർ ആയിരക്കണക്കിലാണുള്ളതു്. അതിനു ശേഷം, അവിടെയുള്ള വ്യവസായപ്രവർത്തകന്മാർ ഈ സമ്പത്തു മുഴുവൻ പുറത്തെടുക്കുന്നു; ഇതു പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായിട്ടാണു്. അവർ ശാസ്ത്രം പ്രദാനം ചെയ്യുന്നതു സ്വീകരിക്കുന്നു; ശാസ്ത്രജ്ഞനെ സഹായിക്കുന്നു; അയാളെ പ്രോത്സാഹിപ്പിക്കുന്നു. ഫലം സാധാരണജനങ്ങൾക്കായി ശാസ്ത്രത്തെ ഉപയോഗിക്കുന്നുവെന്നതുതന്നെ

ഒരുദാഹരണം പറയാം; അതു് ഏററവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും ജനങ്ങൾക്കു രസിക്കുന്നതുമാണു്. പുക വലിക്കുന്നവരെയും അവരുടെ തീപ്പെട്ടികളെയും പററിയാണതു്. ഇപ്പോൾ തീപ്പെട്ടികൾ കിട്ടാനില്ലെന്നു കേൾക്കുന്നു ഒരു തീപ്പെട്ടി തരാൻ ഒരാളോടു് ആവശ്യപ്പെടുന്നതു് ഒരപമാനം പോലെയാണു്. 1929-ലാണെന്നാണു് ഓർമ്മ, നൂററമ്പതു കോലുകൾ ഉരസ്സാവുന്ന ഒരു നല്ല തീപ്പെട്ടി അങ്ങാടിയിൽ വിററിരുന്നു. ആ തീപ്പെട്ടിക്കു നല്ല ചിലവുണ്ടായിരുന്നു; എല്ലാവർക്കും ആ തീപ്പെട്ടിയേ വേണ്ടു. അങ്ങിനെയിരിക്കുമ്പോൾ അതു പെട്ടെന്നു കാണാനില്ലാതായി. കുറച്ചു മാസങ്ങൾക്കു മുമ്പുവരെ അതിനെപ്പററി കേൾക്കാതെയായി. കുറച്ചു മാസങ്ങൾക്കു മുമ്പു പത്രങ്ങളിൽ കണ്ടു: "ആ തീപ്പെട്ടിക്കു എന്തുപററി?" ഇതിനെസംബന്ധിച്ചു ഞാൻ ഒരൊന്നാംതരം ഊഹം പറയാം. കാരണം, ആ തീപ്പെട്ടി കണ്ടുപിടിച്ച ആൾ ഇന്നു നല്ലൊരു തുക സമ്പാദിച്ചു സുഖമായി ഇരിക്കുന്നുണ്ടു്. ഒരു പക്ഷേ, കുറെ പ്രത്യേക സ്ഥാപിതതാൽപര്യക്കാർ അയാളുടെ അടുത്തു ചെന്നു പറഞ്ഞിട്ടുണ്ടാവണം.— "നിങ്ങൾക്കു് ആ തീപ്പെട്ടിയുണ്ടാക്കാനുള്ള അവകാശം—പേറ്റണ്ടു്—വിൽക്കാൻ നിങ്ങൾ തയ്യാറാണോ?" ഞാനാണെങ്കിൽ നല്ലൊരുതുക ആവശ്യപ്പെടും—ചുരുങ്ങിയ പക്ഷം 50,000 പവനെങ്കിലും ആവശ്യപ്പെടും. അയാളും അപ്രകാരം ചെയ്തിരിക്കണം; എനിക്കു തിട്ടമറിഞ്ഞുകൂടാ. എന്നാൽ ആ തീപ്പെട്ടി പിന്നെ കണ്ടിട്ടില്ല. അതു വളരെ പ്രബലന്മാരായ ചില സ്ഥാപിതതാൽപര്യക്കാർ വിലക്കു വാങ്ങിയിരിക്കണമെന്നു ഞാൻ ബലമായി സംശയിക്കുന്നു.

എഞ്ചിനീയറിങ്ങിൽ താൽപര്യമില്ലാത്ത

വർക്കു്, ഇത്തരത്തിലുള്ള സംഭവങ്ങൾ എത്ര വമ്പിച്ച തോതിലാണു് സംഭവിക്കുന്നതെന്നറിഞ്ഞുകൂടാ. സോവിയററുയൂണിയനിലാണെങ്കിൽ, ഇതു സാദ്ധ്യമേയല്ല. ഇത്തരത്തിലുള്ള ഏതു കണ്ടുപിടിത്തത്തേയും വേണ്ടത്ര പരീക്ഷിക്കും; ഫലം ജനങ്ങൾക്കു പൊതുവേ അനുഭവിക്കാറാവുകയും ചെയ്യും.

എന്റെ കുഡുംബത്തെ സ്പർശിക്കുന്നതായ ഒരു സംഗതിതന്നെ നിങ്ങളോടു പറയട്ടെ. അൻപതു കൊല്ലം മുമ്പു എന്റെ അച്ഛന്റെ അനുജൻ ഈ രാജ്യത്തിലെ ഏററവും വലിയ ഇരുമ്പു-കൽക്കരിക്കമ്പനിയുടെ മേലധികാരി (ചെയർമാൻ) ആയിരുന്നു. അന്നു ഞാൻ യുവാവായ ഒരു എൻജിനീയറും. ഒരു ബ്രിട്ടീഷ്ശാസ്ത്രജ്ഞൻ പറയുകയുണ്ടായി.—"കൽക്കരി എന്തിനു ഭൂഗർഭത്തിൽ നിന്നു പുറത്തു കൊണ്ടുവരുന്നു? ഭൂമിയുടെ അടിയിൽ വച്ചുതന്നെ കത്തിക്കാവുന്ന "ഗ്യാസ്" ആക്കരുതോ? ഭൂമിയുടെ അടിയിൽ വളരെ ആളുകൾ ചെയ്യുന്ന ജോലി, വളരെ ഇരുമ്പും ഉരുക്കും—ഇതെല്ലാം പുറത്തു കൊണ്ടുവരുവാൻ ഉപയോഗിക്കുന്ന റയിലുകളും ചങ്ങലകളും എൻജിനുകളും ഉണ്ടാക്കുവാനുള്ള ഇരുമ്പും ഉരുക്കും.—ലാഭമാവില്ലേ? അവിടെ വെച്ചു ഗ്യാസ് ആക്കാമല്ലോ". ഞാൻ ഇതിൽ വളരെ താൽപര്യം പ്രദർശിപ്പിച്ചു; ഞാൻ ഇതു കേട്ടു കോൾമയിർക്കൊണ്ടു. എന്നാൽ എന്റെ ഇളയച്ഛൻ കോൾമയിർക്കൊണ്ടുവോ? ഈ രാജ്യത്തെ ഏതെങ്കിലും ഒരു ഖനിഉടമസ്ഥൻ ആ അഭിപ്രായത്തോടു യോജിച്ചുവോ? ഒരൊററ ആളുണ്ടായില്ല. ഒന്നാമത്തെ സംഗതി, അതില്ലാതെതന്നെ അവർക്കു ധാരാളം വരവുണ്ടായിരുന്നു. അവരുടെ കൽക്കരിക്കു ധാരാളം ചെലവുണ്ടായിരുന്നു. രണ്ടാമതായി അവരുടെ ആശയങ്ങളിൽ നിന്നും ഉയർന്ന ഒരു പദ്ധതിയിൽ അവർക്കു താൽപര്യമുണ്ടായിരുന്നില്ല. അവർക്കു അതിൽ കുറെ ആപത്തും ഉണ്ടായിരുന്നു. ഏതായാലും അതിനെപ്പററി ആവേശഭരിതമായ ഒരൊററ വാക്കുപോലും കേൾക്കുകയുണ്ടായില്ല. എന്നാൽ ഞാനതിനെപ്പററി ഇപ്പോൾ പറയുന്നതെന്തിനാണു്? അതിനു കാരണം, അന്നു മറെറാരു ചെറുപ്പക്കാരൻ ലെനിൻ, അതിനെപ്പററി ബ്രിട്ടീഷ്മ്യൂസിയത്തിൽ ഇരുന്നു പഠിച്ചിരുന്നു എന്നുള്ളതാണു്. അദ്ദേഹം പറഞ്ഞു—"ഇതു് അത്ഭുതകരമായ ഒന്നാണു്. ഇതു നടപ്പിലായാൽ, ജനങ്ങൾക്കു് എത്ര ഉപകാരപ്രദമായിരിക്കും! ഖനികളിലെ ജോലിക്കാരെപ്പററി ആലോചിച്ചുനോക്കൂ. ആപൽക്കരമായ ജോലികൾ ചെയ്യുവാൻ കുറച്ചുപേരേ ഖനികളിൽ ഇറങ്ങിപ്പോകേണ്ടിവരികയുള്ളൂ."

ഇലക്ട്രിസിററിക്കു വില കുറയ്ക്കുവാൻ ഇതെത്ര സഹായകമായിരിക്കുമെന്നാലോചിച്ചുനോക്കൂ. ഇലക്ട്രിസിററികൊണ്ടു സമുദായത്തിനു പൊതുവെയുള്ള പ്രയോജനത്തെപ്പററി ആദ്യം കണ്ടറിഞ്ഞവരിൽ ഒരാളത്രേ ലെനിൻ. ഭൂമിയുടെ അടിയിൽ വച്ചുതന്നെ കൽക്കരി ഗ്യാസാക്കുന്നതിനെപ്പററി അദ്ദേഹം പ്രസ്താവിച്ചതാണു്.—"എത്ര മെച്ചം! ഇതൊന്നു പരീക്ഷിച്ചുനോക്കാൻ ഒരു തരം കിട്ടിയെങ്കിൽ!" പെട്ടെന്നു്, ആ തരം കിട്ടി. ഇന്നു സോവിയററുയൂണിയനിൽ ഗ്യാസാക്കിയ കൽക്കരി ഉപയോഗിക്കുന്ന മനുഷ്യരുണ്ടു്. അതിന്റെ ഫലമോ, ഇലക്ട്രിസിററിയുടെ വില മുമ്പിലത്തേതിന്റെ അഞ്ചിലൊന്നു മാത്രമായി താഴ്ന്നിരിക്കുന്നു. നിങ്ങളുടെ ഇലക്ട്രിസിററി ബില്ല് അഞ്ചിലൊന്നായാൽ തരക്കേടുണ്ടോ? എന്നാൽ നിങ്ങൾ ഇലക്ട്രിക് അടുപ്പുകളും, നിങ്ങളുടെ മുറി ചൂടുപിടിപ്പിക്കാനുള്ള ഏർപ്പാടുകൾക്കുള്ള യന്ത്രങ്ങളും, വെള്ളം ചൂടുപിടിപ്പിക്കാനുള്ള യന്ത്രങ്ങളും, രാവിലെ കൃത്യമായി ഒരു നിമിഷംകൊണ്ടു ചായയുണ്ടാക്കുവാൻ—ഞാൻ ഇന്നു് ആറു മണിക്കു മുമ്പു ചായയുണ്ടാക്കുവാൻ ചെയ്യുന്നതും, നിങ്ങളിൽ മിക്കപേർക്കും ഇന്നു ചെയ്വാൻ സാധിക്കാത്തതുമാണതു്—ഒരു ഇലക്ട്രിക്ക് "ആഗാ" അടുപ്പും ഉപയോഗിച്ചുതുടങ്ങും. ഇലക്ട്രിസിററിക്കു് ഇന്നത്തേതിന്റെ അഞ്ചിലൊന്നു വിലയാവുകയാണെങ്കിൽ രാജ്യത്തിലെ ഓരോ വീട്ടിലെ ഓരോ സ്ത്രീക്കും അതു വാങ്ങുവാൻ കഴിയും. സ്ത്രീകളുടെ ചുമലിൽ നിന്നു് അനാവശ്യമായ വെറും പണിയുടെ ഭാരം മാറുവാൻ സാധിക്കും.

---

## കടംകൊടുക്കൽ

കച്ചവടക്കാരന്റെ ചെറിയ മകൻ അമ്മയോടു പറഞ്ഞു.—"അമ്മെ, അമ്മ എനിക്കു് പത്തണ കടം തരണം; എന്നാൽ അഞ്ചണ കയ്യിൽ തന്നാൽ മതി. അപ്പോൾ അമ്മ എനിക്കു് അഞ്ചണ തരാനുണ്ടാവും; വാങ്ങിയ അഞ്ചണ ഞാൻ അമ്മയ്ക്കു തരാനും ഉണ്ടാവും. അപ്പോൾ നാം അങ്ങോട്ടും ഇങ്ങോട്ടും ഒന്നും കൊടുക്കാനോ വാങ്ങാനോ ഉണ്ടാവില്ല.

ചെറുകഥ

# സെർവിയായിലെ ഒരു രാത്രി

## (വിൻസെന്റ് ബ്ലാസ്കൊ ഇബാനെസ്സ്)

(പരിഭാഷകൻ ഏ. ബാലകൃഷ്ണപിള്ള കേസരി പത്രാധിപർ)

(അസ്സോറിൻ, ബറോജ മുതലായ തനി സ്പാനിഷ് വീക്ഷണകോടിയുള്ള ആധുനിക സാഹിത്യകാരന്മാർക്കെതിരായി സാർവദേശീയവീക്ഷണകോടിയോടുകൂടിയ ഒരു സ്പാനിഷ് സാഹിത്യകാരനാണ് ഇബാനെസ്സ് (1867—1928). തന്നിമിത്തം തന്നെക്കാളേറെ പ്രതിഭയുള്ള അസ്സോറിൻ, ബറോജ മുതലായവരെക്കാളധികം പ്രസിദ്ധി സ്പെയിനിനു പുറമെയുള്ള പാശ്ചാത്യരാജ്യങ്ങളിൽ ഇദ്ദേഹത്തിനു നേടുവാൻ കഴിഞ്ഞു. ഒരു റിപ്പബ്ലിക്കനായ ഇബാനെസ്സ് തന്റെ രാഷ്ട്രീയാഭിപ്രായം ഹേതുവായി ഒന്നിലധികം തവണ ജയിലിൽ കിടന്നിട്ടുണ്ട്. "ഭോസനപ്പള്ളി" ആദിയായ ഇദ്ദേഹത്തിന്റെ പല നോവലുകളിലും ചെറുകഥകളിലും വിപ്ലവാത്മകങ്ങളായ രാഷ്ട്രീയ സിദ്ധാന്തങ്ങൾ അടങ്ങിയിരുന്നു. 1914-ലെ മഹായുദ്ധത്തിൽ അമേരിക്ക പ്രവേശിച്ചതിനെ സൂചിപ്പിച്ചുകൊണ്ടു് ഇദ്ദേഹം രചിച്ച "അപോകലിപ്സിലെ നാലു് അശ്വഭടന്മാർ" എന്ന നോവൽ അമേരിക്കയിൽ സുപ്രസിദ്ധമായിത്തീർന്നിരുന്നു. ഒന്നാംതരം മെലോഡ്രാമയുടെ സ്വഭാവം ഇദ്ദേഹത്തിന്റെ കൃതികൾ ഉൾക്കൊള്ളുന്നുണ്ടു്. ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്ന 1914-ലെ മഹായുദ്ധസംബന്ധമായ പ്രസിദ്ധ ചെറുകഥയിലും ഈ സ്വഭാവം ദൃശ്യമാണു്. രാഷ്ട്രീയമോ, സാമുദായികമോ ആയ ഒരു വിപ്ലവമനസ്ഥിതി ജനിപ്പിക്കുവാൻ ഉദ്ദേശിച്ചു രചിച്ചിട്ടുള്ള പല ഉത്തമ സാഹിത്യകൃതികളിലും ഈ മെലോഡ്രാമാ സ്വഭാവം കാണാവുന്നതുമാണു്)

രാത്രി പതിനൊന്നു മണിയായി. പാരീസിലെ നാടകശാലകൾ അടയ്ക്കുന്ന സമയമാണു് അതു്. അരമണിക്കൂറു മുമ്പു കോഫിഹോട്ടലുകളിലും, റെസ്റ്റോറാണ്ടുകളിലും നിന്നു പതിവുകാർ തെരുവുകളിലേയ്ക്കു് ഇറങ്ങിയിരുന്നു.

വിനോദസ്ഥലങ്ങളിൽ നിന്നു പുറത്തുവന്നിരുന്ന ജനതതി ചോലത്തെരുവിന്റെ ഛായകളിലൂടെ കടന്നുപോയപ്പോൾ, ഞാനും കൂട്ടുകാരും ഇതികർത്തവ്യതാമൂഢരായി ചോലത്തെരുവിന്റെ ഒരുവശത്തു നിലകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു മൂടികൾ ഇട്ടിരുന്ന തെരുവുറാന്തലുകൾ അന്ധകാരത്തിൽ വേഗം ലയിച്ചുപോയി വാളൊളിയ വെളിച്ചം ചൊരിഞ്ഞിരുന്നു. അകന്നുള്ള നക്ഷത്രമിന്നലുകളോടുകൂടിയ ഇരുണ്ട ആകാശത്തിൽ പലരും അസുഖപൂർണ്ണമായ ദൃഷ്ടി പതിപ്പിക്കുകയുണ്ടായി. ഒരുകാലത്തു് ആകാശത്തിൽ നക്ഷത്രങ്ങളെ മാത്രമേ കാണാനൊത്തിരുന്നുള്ളു; ഇന്നാകട്ടെ ഒരു സേർച്ചുലൈറ്റിന്റെ പൊട്ടുന്നുള്ള മഞ്ഞനിറമായ പരപ്പു് ഒരു ആംബർ സിഗാറിനോടു രൂപസാദൃശ്യമുള്ള ഒരു സെപ്പ്ളിൻ വിമാനത്തെ പ്രത്യക്ഷപ്പെടുത്തിയേക്കും.

കുറേനേരംകൂടി ഉറങ്ങാതെയിരിക്കണമെന്നു ഞങ്ങൾക്കു് ആഗ്രഹമുണ്ടായിരുന്നു. ഞങ്ങൾ നാലുപേരുണ്ടായിരുന്നു: ഒരു ഫ്രഞ്ചു് സാഹിത്യകാരനും, സെർവിയാക്കാരായ രണ്ടു സൈനിക ക്യാപ്ടന്മാരും, ഞാനും. വാതിലുകളെല്ലാം അടച്ചിരുന്ന ഈ ഇരുണ്ട പാരീസ്നഗരത്തിൽ ഞങ്ങൾക്കു് എവിടെ പോകുവാൻ സാധിക്കും? രാത്രിമുഴുവനും തുറന്നുവച്ചിരുന്ന ഒരു പരിഷ്കൃത ഹോട്ടലിന്റെ കാര്യം ആ സെർവിയാക്കാരിൽ ഒരാൾ പറഞ്ഞു. രാത്രിമുഴുവനും വിനോദത്തിൽ ലയിച്ചു് ഉറങ്ങാതെ കഴിച്ചുകൂട്ടണമെന്നു വിചാരമുള്ള സൈനികോദ്യോഗസ്ഥന്മാരെല്ലാം സ്വഭവനത്തിലെന്നതുപോലെ അതിൽ പ്രവേശിക്കാറുണ്ടായിരുന്നു. പാരീസിലേയ്ക്കു് ഏതാനും ദിവസം കഴിച്ചുകൂട്ടുവാൻ പോകുന്ന പല രാജ്യക്കാരായ സൈനികോദ്യോഗസ്ഥന്മാർക്കും അവരുടെ കൂട്ടുകാർ ഈ ഹോട്ടലിനെപ്പററിയുള്ള രഹസ്യം പറഞ്ഞുകൊടുക്കുക പതിവായിരുന്നു. ഞങ്ങൾ സൂക്ഷിച്ചു നല്ല വെളിച്ചമുള്ള അതിന്റെ സഭാങ്ങളിൽ പ്രവേശിച്ചു. ഇരുണ്ടതെരുവിൽ നിന്നു പാടെ ഭിന്നമായ ഒരു സ്ഥലത്താണു ഞങ്ങൾ ചെന്നതു്. പോളിഷ്പുഷ്പതുല്യമായ ഇലക്ട്രിക് ദീപഗ-

ങ്ങളെ പ്രതിബിംബിക്കുന്ന അസംഖ്യം കണ്ണാടികൾ നിറഞ്ഞ ഭീമമായ ഒരു ലൈറ്റ്ഹൗസിന്റെ അന്തർഭാഗംപോലെയിരുന്നു ആ മുറി. രണ്ടുവർഷത്തിനു മുമ്പുള്ള കാലത്തിലേയ്ക്കു ഞങ്ങൾ തിരിച്ചുപോയി എന്നു തോന്നി. ചായമണിഞ്ഞു പരിഷ്കൃതരായ സ്ത്രീകൾ, ഷമ്പെയിൻ മദ്യം, ഹൃദയഭേദകമായ ഒരു നാടോടിപ്പാട്ടിന്റെ വികാരാധിക്യമുള്ള സ്വരത്തോടുകൂടി ഒരു നീഗ്രോസ്തുതഗാനം വയോളിൻ വാദ്യത്തിൽ വായിക്കുന്നതു്........ഇവയെല്ലാം യുദ്ധത്തിനു മുമ്പുള്ള കാലത്തെ കാഴ്ചകളായിരുന്നു. എന്നാൽ അവിടെയുണ്ടായിരുന്ന പുരുഷന്മാരിൽ ആരും തന്നെ സായംകാലവസ്ത്രം ധരിച്ചിരുന്നില്ല. ഫ്രഞ്ചുകാർ, ബെൽജിയംകാർ, ഇംഗ്ലീഷുകാർ, റഷ്യാക്കാർ, സെർവിയാക്കാർ, എന്നീ പല രാജ്യക്കാരായ ഇവർ എല്ലാവരും പൊടിയണിഞ്ഞ, മുഷിഞ്ഞ, സൈനിക യൂണിഫാറമാണു ധരിച്ചിരുന്നതു്. ചില ബ്രിട്ടീഷ് ഭടന്മാർ വയോളിൻ വാദ്യം വായിച്ചുകൊണ്ടിരുന്നിരുന്നു. മാർബിൾകല്ലിനു തുല്യം നിർവ്വികാരമായി മിന്നുന്ന മന്ദഹാസങ്ങൾ മുഖേന ജനക്കൂട്ടത്തിന്റെ പ്രശംസ പ്രകടനങ്ങൾ ഇവർ സ്വീകരിച്ചിരുന്നു. കുറേ മുമ്പു വിയോളിൻ വാദ്യംവായിച്ചുകൊണ്ടിരുന്ന ചെങ്കുപ്പായധാരികളായ ജിപ്സിവർഗ്ഗക്കാരുടെ ജോലി ഇവർ ഏറ്റെടുക്കുകയാണു ചെയ്തിരുന്നതു്. ഇവരിൽ ഒരുത്തനെ അവിടെയുള്ള സ്ത്രീകൾ ചുംബിക്കാണിക്കുകയും, തന്റെ കുലീനതയും കുബേരത്വവും നിമിത്തം കീർത്തിനേടിയിരുന്ന ഇദ്ദേഹത്തിന്റെ പിതാവായ ......പ്രഭുവിന്റെ പേരു പറയുകയും ചെയ്തിരുന്നു. "ഇന്നു നമുക്കു സുഖിക്കാം, സഹോദരന്മാരേ; എന്തെന്നാൽ, നാളെ നാം ചാവുന്നതാണല്ലോ."

മരണദേവതയുടെ ബലിക്കല്ലിൽ തലവയ്ക്കുവാൻ ഭാവിക്കുന്ന ഈ പുരുഷന്മാർ എല്ലാവരും, നേരം വെളുക്കുമ്പോൾ വീണ്ടും കൊടുങ്കാറ്റിനെ അഭിമുഖീകരിക്കുവാൻ പോകുന്നവരായ, രാത്രിയിൽ കരയ്ക്കിറങ്ങിയ, നാവികർക്കു തുല്യം ചിരിക്കുകയും, പാടുകയും, സ്നേഹിക്കുകയും ചെയ്തുകൊണ്ടു ജീവിതപാനീയത്തെ കവിൾ നിറച്ചു കുടിച്ചിറക്കുകയായിരുന്നു ചെയ്തിരുന്നതു്.

പ്രസ്തുത സെർവിയാക്കാർ ഇരുവരും ചെറുപ്പക്കാരായിരുന്നു. നാട്ടിമ്പുറത്തെ ഒരു പട്ടാളപ്പാളയത്തിൽ കഴിച്ചുകൂട്ടിയ, ഏകരൂപതനിറഞ്ഞതും ഭയങ്കരമായി ഭേദിച്ച, കാലത്തു തങ്ങൾ പലപ്പോഴും സ്വപ്നം കണ്ടിരുന്ന നഗരമായ പാരീസിലേയ്ക്കു'' തങ്ങളെ നയിച്ചു് തങ്ങളുടെ രാജ്യത്തിന്റെ ചരിത്രത്തിൽ സംതൃപ്തരായിരുന്നിരുന്നവരെപ്പോലെ തോന്നി ഇവർ ഇരുവരും. ഇവർ രണ്ടുപേർക്കും കഥപറയാനുള്ള പാടവമുണ്ടായിരുന്നു. പ്രായേണ സകലരും കവികളായിട്ടുള്ള ഒരു നാട്ടിൽ ഇതു സാധാരണയായ ഒരു വാസനമാത്രമായിരുന്നു. തുർക്കിഭരണത്തിൻ കീഴിലിരുന്നിരുന്ന സെർവിയായിൽക്കൂടി മുക്കാൽ ശതാബ്ദത്തിനു മുമ്പൊരിക്കൽ സഞ്ചരിച്ചിരുന്ന ഫ്രഞ്ചു് കവി ലമാർതിൻ അജപാലരും യോദ്ധാക്കന്മാരും നിറഞ്ഞ ആ രാജ്യത്തിൽ കാവ്യത്തിനു നൽകിയിരുന്ന പ്രാധാന്യം കണ്ടു് തന്റെ ആശ്ചര്യം രേഖപ്പെടുത്തിയിട്ടുണ്ടു്. അക്ഷരാഭ്യാസമുള്ളവരായി അൽപംപേർ മാത്രമുണ്ടായിരുന്ന ആ രാജ്യത്തിൽ കവിത മുഖേനയാണു് ആശയങ്ങളും സ്മരണകളും നിലനിന്നുവന്നിരുന്നതു്. അവിടത്തെ ദേശീയ ചരിത്രകാരരായിരുന്ന "ഗുസ്ലേറോസ്"; ഇവർ പുതിയ പാട്ടുകൾ പ്രയത്നമെന്യേ രചിച്ചു സെർവിയായുടെ മഹാകാവ്യത്തിന്റെ ജീവിതകാലം നീട്ടിവന്നിരുന്നു.

ആ രണ്ടു കാപ്ടന്മാരും ഷമ്പെയിൻ കുടിച്ചുകൊണ്ടിരുന്നപ്പോൾ, അനേക മാസങ്ങൾക്കു മുമ്പു തങ്ങൾ പങ്കുകൊണ്ടിരുന്ന പിന്നോട്ടുള്ള പാച്ചിലിലെ ദുരിതങ്ങൾ അവർ ഓർക്കുകയുണ്ടായി. പൈദാഹശാന്തിക്കായുള്ള പ്രയത്നങ്ങൾ; പത്തുപേർക്കെതിരായി ഒരാൾ എന്നതോതിൽ മഞ്ഞുമൂടിക്കിടന്നിരുന്ന പടനിലങ്ങളിൽ വച്ചു നടന്ന പോരുകൾ; പിന്നിൽ യന്ത്രത്തോക്കുകളുടേയും തോക്കുകളുടേയും നിരന്തരമായ ശബ്ദങ്ങൾ പുറപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അസംഖ്യം മനുഷ്യരും മൃഗങ്ങളും ഭയങ്കരമായ കുഴപ്പത്തിൽ പായുന്നതു്; കത്തിയെരിയുന്ന ഗ്രാമങ്ങൾ; അഗ്നിജ്വാലയിൽ അകപ്പെട്ട മുറിവേറ്റവരുടേയും വഴിതെറ്റിയവരുടേയും നിലവിളികൾ; അംഗഭംഗപ്പെട്ടുകിടക്കുന്ന സ്ത്രീകളും, ഇവരുടെ മുകളിൽ വട്ടമിട്ടുകൊണ്ടിരുന്ന കാക്കകളും; വാതരോഗം നിമിത്തം മുടന്തനായി ഭവിച്ചിരുന്ന വൃദ്ധൻ പീറ്റർ രാജാവു്, ഷേക്സ്പിയരുടെ നാടകങ്ങളിലെ നൃപന്മാരിൽ ഒരുവനു തുല്യം വിധിയെ വെല്ലുവിളിച്ചുകൊണ്ടും, കുനിഞ്ഞും, മൂകനായും തന്റെ മുഴയുള്ള വടിയൂന്നി മഞ്ഞുനിറഞ്ഞ മലകളിലേയ്ക്കു ബദ്ധപ്പെട്ടുപോയതു്; ഇവയെല്ലാം അവർ സ്മരിച്ചു.

പ്രസ്തുത രണ്ടു സെർവിയാക്കാരും സംഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ, ഞാൻ അവരിൽ നിന്നു കണ്ണെടുത്തിരുന്നില്ല. കഴുകന്റെ

ചുണ്ടുപോലെ വളരെ വളഞ്ഞ മൂക്കുകളും, കായികശക്തിയേറിയ മെലിഞ്ഞ ശരീരങ്ങളുമുള്ള യുവാക്കന്മാരായിരുന്നു അവർ. വളരെ കൂർത്ത മേൽമീശ അവർക്കുണ്ടായിരുന്നു. തലകീഴായി മറിച്ചുവച്ച മേൽപ്പുരകളുള്ള ചെറുവീടുകളോടു സാദൃശ്യം വഹിച്ചിരുന്ന അവരുടെ തൊപ്പികൾക്കു കീഴിൽനിന്നു കേസരതുല്യമായ തലമുടി വീണുകിടന്നിരുന്നു. ഒരു നാൽപതുവർഷത്തിനു മുമ്പു വികാരവായ്പുള്ള യുവതികൾ കിനാവു കാണാറുണ്ടായിരുന്ന കലാകാരന്മാരോടു സാദൃശ്യമുള്ളവരും, തത്സമയംതന്നെ കടുകിന്റെ നിറത്തിലുള്ള യൂണിഫാറങ്ങൾ ധരിച്ചിരുന്നവരും, നിത്യവും മരണവുമായി കൂട്ടിമുട്ടാറുള്ളവരുടെ ധീരവും ശാന്തവുമായ ഭാവം വഹിച്ചിരുന്നവരുമായിരുന്നു അവർ.

അവർ സംഭാഷണം തുടർന്നുകൊണ്ടുപോയി. അല്പം മാസങ്ങൾക്കു മുമ്പു നടന്ന സംഭവങ്ങളെപ്പറ്റി അവർ സംസാരിച്ചു. ഒരു സർപ്പത്തെ കുന്തമായി ഏന്തിക്കൊണ്ടു വനങ്ങളിലെ രക്തപാനിപിശാചായ വ്യഘാസിനോടു പൊരുത സെർവിയായിലെ * സാമ്രാജ്യ മാർക്കോ ക്രെയിലോവിച്ചിന്റെ വീരകഥകൾ അവർ പറയുകയാണെന്നു തോന്നി. പാരീസിലെ ആ ഹോട്ടലിലിരുന്നു തങ്ങളുടെ അനുഭവങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്ന ഇവർ ഇരുവരും ഏതാനും മാസങ്ങൾക്കു മുമ്പുവരെയും മനുഷ്യവർഗ്ഗത്തിന്റെ ക്രൂരമായ ബാല്യദശയിൽ അതു നയിച്ചിരുന്നതുപോലെയുള്ള ഭയങ്കരവും നിഷ്കരുണവുമായ ജീവിതം നയിച്ചുവന്നിരുന്നു.

ഫ്രഞ്ചുകാരനായ ഞങ്ങളുടെ കൂട്ടുകാരൻ അവിടെനിന്നുപോയി. സേർവിയാക്കാരായ ആ കപ്പിത്താന്മാരിൽ ഒരുത്തൻ സമീപമുള്ള മേശക്കു ചുറ്റുമിരുന്നിരുന്നവരെ ഇടയ്ക്കിടയ്ക്കു നോക്കിക്കൊണ്ടാണു സംഭാഷണം നടത്തിയിരുന്നതു്. പക്ഷിച്ചിറകിനോടുകൂടിയ ഒരു വലിയ ഹാറ്റു ശിരസ്സിലും, പക്ഷിപ്പൂട വച്ചുപിടിപ്പിച്ചിട്ടുള്ള ഒരു വെളുത്ത ഉറുമാൽ കഴുത്തിനു ചുറ്റും ധരിച്ചിരുന്ന ഒരു സ്ത്രീയുടെ കറുത്തിരുണ്ട നയനങ്ങൾ അവിടെനിന്നും അദ്ദേഹത്തിൽ പതിച്ചിരുന്നു. അവൾ അദ്ദേഹത്തെ ആകർഷിക്കുകയുമുണ്ടായി. ഒടുക്കം അനിവാര്യമായ ഒരു പ്രേരണയ്ക്കു വഴിപ്പെട്ടതുപോലെ, ഞങ്ങളുടെ മേശയിൽനിന്നു മറ്റേതിലേക്കു് അദ്ദേഹം പോയി. കുറേനേരംകൂടി കഴിഞ്ഞപ്പോൾ, അദ്ദേഹം ആ സ്ത്രീയുമായി അവിടെനിന്നു പോവുകയും ചെയ്തു.

ആ കപ്പിത്താന്മാരിൽവച്ചു വയസ്സു കുറഞ്ഞവനും അധികം സംസാരിക്കാതിരുന്നവനുമായ മനുഷ്യനും ഞാനും തനിച്ചായി. അദ്ദേഹം ഒന്നു കുടിച്ചുകൊണ്ടു് ഹോട്ടലിലെ മണി നോക്കി. പിന്നെയും അദ്ദേഹം കുടിച്ചു. ഗൗരവതരമായ ഒരു സംഭാഷണത്തിന്റെ പ്രാരംഭമായ ഒരുതരം നോട്ടം അനന്തരം അദ്ദേഹം എന്നിൽ പതിപ്പിച്ചു. തന്റെ സ്മരണയെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്ന ഏതോ ഒരു അസുഖകരമായ കാര്യം അദ്ദേഹത്തിനു് എന്നോടു പറയേണ്ടതിന്റെ ആവശ്യം തോന്നിയിരുന്നു എന്നു ഞാൻ മനസ്സിലാക്കി. അദ്ദേഹം പിന്നെയും മണി നോക്കി. മണി ഒന്നായിരുന്നു.

തന്റെ മനസ്സിലുണ്ടായിരുന്നതിനു വാഗ്രൂപം കൊടുത്തു് അദ്ദേഹം പെട്ടെന്നു് ഇങ്ങനെ പറഞ്ഞു:- "നാലു മാസത്തിനു മുമ്പു് ഈ സമയത്താണു് അതു നടന്നതു്."

അദ്ദേഹം കഥ പറഞ്ഞുകൊണ്ടിരുന്നപ്പോൾ, ആ ഇരുണ്ട രാത്രി, മഞ്ഞു വീണു നിറഞ്ഞിരുന്ന താഴ്ന്ന പ്രദേശം, കാട്ടുകൊമ്പുകളിൽനിന്നു പഞ്ഞിപോലെ മഞ്ഞിനെ അടിച്ചു വീഴ്ത്തിയിരുന്ന ഭൂർജ്ജവൃക്ഷങ്ങളും പയിൻമരങ്ങളുമുള്ള വെളുത്ത മലകൾ, എന്നിവയെ എനിക്കു കാണുവാൻ കഴിഞ്ഞിരുന്നു. ഒരു ഗ്രാമത്തിന്റെ അവശിഷ്ടങ്ങളും ഞാൻ കാണുകയുണ്ടായി. ആ അവശിഷ്ടങ്ങൾക്കിടയ്ക്കു് ഏഡ്രിയാറ്റിക് കടൽക്കരയിലേക്കു പിന്മാറുന്ന ഒരു സേർവിയൻ പട്ടാളഡിവിഷന്റെ ശേഷിച്ച ഭാഗവും.

ഈ ശേഷിച്ച ഭാഗത്തിന്റെ പിന്നണിയുടെ നായകനായിരുന്നു എന്റെ സ്നേഹിതൻ. ഇതു് ഒരിക്കൽ ഒരു കമ്പനിയായിരുന്നെങ്കിലും, അപ്പോൾ ഇതു ശിക്ഷണരഹിതമായ ഒരു വെറും ജനക്കൂട്ടം മാത്രമായി ഭവിച്ചിരുന്നു. യന്ത്രങ്ങൾക്കു തുല്യം അനങ്ങുന്നവരും, മൃഗങ്ങളെപ്പോലെ അടിച്ചോടിക്കേണ്ടിവന്നവരുമായി ഭവിക്കത്തക്കവണ്ണം ദുരിതങ്ങളും ഭയവും കൊണ്ടു സ്തംഭിച്ചുപോയിരുന്ന ചെറു കർഷകരും, കുഞ്ഞുങ്ങളെ വലിച്ചിഴച്ചു കരഞ്ഞുകൊണ്ടു നടന്നിരുന്ന സ്ത്രീകളും, വിഷാദപൂർണ്ണമായി മൂകതാപൂർവം നടക്കുകയും, ചത്തു മരവിച്ചു കിടക്കുന്ന മനുഷ്യരെ വഴിക്കുവച്ചു കാണു

* സ്പാനിഷ് ഐതിഹ്യത്തിലെ ഒരു വീരൻ

മ്പോൾ കുനിഞ്ഞ് അവരുടെ തോക്കുകളും തോട്ടകളും എടുക്കുകയും ചെയ്തിരുന്ന ശക്തിയേറിയ പൊക്കമുള്ള ഇരുണ്ട മററു സ്ത്രീകളും ആ പട്ടാളക്കമ്പനിയുടെ ശേഷിച്ച ഭാഗത്തോടു കൂടി കലർന്നിരുന്നു.

ഗ്രാമാവശിഷ്ടങ്ങളിൽ വന്നുവീണ ഷെല്ലുകളുടെ ചുവന്ന പ്രകാശം ഇരുട്ടിനു നിറം കൊടുത്തിരുന്നു. ഇരുട്ടിന്റെ ഗർഭത്തിൽനിന്നു മററു മാരകമായ മറുപടിപ്രകാശങ്ങളും പുറപ്പെട്ടിരുന്നു. രാത്രിയിലെ അദൃശ്യങ്ങളായ പ്രാണികൾക്കു തുല്യം കറുത്ത വായുവിൽ വെടിയുണ്ടകൾ മൂളിക്കൊണ്ടിരുന്നു.

നേരം വെളുത്തയുടനെ ശത്രുവിന്റെ അനിവാര്യമായ ആക്രമണമുണ്ടാകും. ഇരുട്ടിൽനിന്നു തങ്ങളുടെനേർ വരുന്ന ശത്രുക്കൾ ഏതു രാജ്യക്കാരാണെന്ന് അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. ജർമ്മൻകാരോ, ആസ്ത്രിയക്കാരോ, ബൾഗേറിയക്കാരോ, തുർക്കികളോ ആരാണ് അവർ? അനേകം ശത്രുക്കളെ അവർ നേരിടേണ്ടതായി വന്നിരുന്നു.

ആ സേർവിയാക്കാരൻ ഇങ്ങിനെ കഥ തുടർന്നു:— "ഞങ്ങളുടെ ഗതിയെ താമസിപ്പിച്ചവരെ പിന്നിലാക്കിവച്ചു ഞങ്ങൾക്കു പോകേണ്ടതായിവന്നു. നേരം പുലരുന്നതിനു മുമ്പു മലംപ്രദേശത്തു ഞങ്ങൾക്ക് എത്തണം."

സ്ത്രീകളും, കുട്ടികളും, വൃദ്ധന്മാരും, മൃഗങ്ങളുമടങ്ങിയ നീണ്ട വരികളെ രാത്രി മറച്ചിരുന്നു. ആ ഗ്രാമത്തിൽ അതിലെ അവശിഷ്ടങ്ങൾക്കിടയ്ക്കിരുന്നു വെടിവച്ചുകൊണ്ടിരുന്ന ശരീരശേഷിയുള്ള പുരുഷന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവരിൽ ഒരു ഭാഗം അവിടെനിന്നു പോകുവാൻ തുടങ്ങിയിരുന്നു. അപ്പോൾ ക്രൂരമായ ഒരു ഓർമ്മ ആ ക്യാപ്റ്റനെ പെട്ടെന്നു പിടികൂടുകയുണ്ടായി.

"മുറിവേററവരുടെ കാര്യമോ! അവരെ എന്തു ചെയ്യും?"

ഷെല്ലുകൾ തുളച്ചിരുന്ന മേൽപ്പുരയോടുകൂടിയ ഒരു കർഷകഭവനത്തിലെ മുറിയിൽ വിതറിയിരുന്ന വൈക്കോലിൽ വേദനകൊണ്ടു പ്രായേണ ബോധം കെട്ടിരുന്നവരോ, അതുനിമിത്തം തിരിഞ്ഞും പിരിഞ്ഞുംകൊണ്ടു കിടന്നിരുന്നവരോ ആയ അമ്പതിലധികം മനുഷ്യർ ശയിച്ചിരുന്നു. തലേദിവസം മുറിവേററിരുന്നവരും, ആ സ്ഥലംവരെ ഇഴഞ്ഞുവരാൻ ശക്തിയുണ്ടായിരുന്നവരും, അന്ന് ഏററ മുറിവുകളിൽനിന്ന് ഒഴുകുന്ന ചോരയെ തുണികൊണ്ടു കെട്ടി തടയുവാൻ ശ്രമിച്ചിരുന്നവരും, പൊട്ടിത്തെറിച്ച ഷെല്ലുകളുടെ കഷണങ്ങൾകൊണ്ടു മുറിവേററ സ്ത്രീകളുമായിരുന്നു അവർ.

പഴുത്തു ദ്രവിച്ചു തുടങ്ങിയ മാംസം, ഉണങ്ങിയ രക്തം, മുഷിഞ്ഞ വസ്ത്രങ്ങൾ, നാററമുള്ള ശ്വാസങ്ങൾ എന്നിവയുടെ ദുർഗന്ധങ്ങൾ നിറഞ്ഞിരുന്ന ആ അഭയസ്ഥാനത്തു ക്യാപ്റ്റൻ പ്രവേശിച്ചു. അവിടെ തൂക്കിയിരുന്ന ഒററാന്തലിന്റെ പുകഞ്ഞുകൊണ്ടിരുന്ന വെളിച്ചത്തിനുകീഴിൽ അനങ്ങുവാനുള്ള ശക്തിയോടുകൂടി കിടന്നിരുന്നവർ അദ്ദേഹത്തിന്റെ ആദ്യത്തെ വാക്കുകൾ കേട്ട് അസ്വാസ്ഥ്യപൂർവം അനങ്ങുകയുണ്ടായി. അവരുടെ നിലവിളികൾ ശമിച്ചു. മരണത്തെക്കാൾ അധികം ആസന്നമരണരായ അവർ മറെറന്തോ ഒന്നിനെ ഭയന്നിരുന്നു എന്നു തോന്നിക്കുമാറ് അത്ഭുതവും ഭീതിയും സൂചിപ്പിച്ച ഒരു മൂകത അവിടെ വ്യാപിക്കുകയുംചെയ്തു.

ശത്രുക്കളുടെ കരുണയ്ക്കു അവരെ വിട്ടുംവച്ചു ഭടന്മാർ പോകുന്നു എന്ന് അറിഞ്ഞപ്പോൾ അവർ എല്ലാവരും എഴുന്നേൽക്കുവാൻ ശ്രമിച്ചു. പക്ഷെ, മിക്കവരും വീണ്ടും നിലത്തു വീഴുകയാണ് ചെയ്തത്! ക്യാപ്റ്റനോടും അദ്ദേഹത്തിനോടുകൂടിയുണ്ടായിരുന്ന ഭടന്മാരോടും അവർ നിരാശാപൂർവം അപേക്ഷിക്കുകയും ദയനീയമായി അഭ്യർത്ഥിക്കുകയും ചെയ്തു. "സഹോദരന്മാരെ, ഞങ്ങളെ ഉപേക്ഷിച്ചും വച്ചു പോകരുതേ. യേശുവിനെ വിചാരിച്ചു, സഹോദരരേ,—"

അനന്തരം തങ്ങളെ ഉപേക്ഷിച്ചും വച്ചു പോകേണ്ടതിന്റെ അത്യാവശ്യം അവർ ക്രമേണ മനസ്സിലാക്കി; ഇതോടുകൂടി അവർ ക്ഷമാപൂർവം വിധിക്കു കീഴടങ്ങുകയും ചെയ്തു. എന്നാലും ശത്രുവിന്റെ കൈയിൽ അകപ്പെടുന്നതു ഭയങ്കരമല്ലേ? പല ശതാബ്ദങ്ങളായി തങ്ങളുടെ ശത്രുക്കളായി വർത്തിച്ച ബൾഗേറിയാക്കാർ, തുർക്കികൾ, എന്നിവരുടെ പിടിയിൽ പെടുന്നതു കഷ്ടമല്ലേ? തങ്ങൾ നാക്കെടുത്തു പറയാൻ മടിച്ചതു അവരുടെ നയനങ്ങൾ പ്രത്യക്ഷപ്പെടുത്തി. ശത്രുവിന്റെ തടവുകാരനായി ഭവിച്ച ഒരു സേർവിയാക്കാരൻ ശപിക്കപ്പെട്ടവനാണ്.

മരണത്തിന്റെ പടിവാതിൽവരെ എത്തിയിരുന്ന അവരിൽ പലരും തങ്ങളുടെ ആസന്നമായ സ്വാതന്ത്ര്യനഷ്ടം ഓർത്തു വിറകൊണ്ടു. മരണത്തെക്കാളധികം ഭയപ്പെടേണ്ടതാണ് ബാൾക്കൻസ് രാജ്യക്കാരുടെ പ്രതികാരം.

"സഹോദരാ, സഹോദരാ,—"

ഈ വിളികളിൽ അന്തർഭവിച്ചിരുന്ന ആഗ്രഹം മനസ്സിലാക്കിയതിനാൽ ക്യാപ്റ്റൻ മുഖം തിരിച്ചുകളഞ്ഞു.

“ഞാൻ അതു ചെയ്യണമെന്നാണോ നിങ്ങളുടെ ആഗ്രഹം?” എന്നു് അദ്ദേഹം പല തവണ ചോദിച്ചു.

അതാണു് ഞങ്ങളുടെ ആഗ്രഹമെന്നു് അവർ എല്ലാവരും തലകുലുക്കിക്കാണിച്ചു. ഈ വിട്ടുപോക്ക് അപരിത്യാജ്യമായിരുന്നതിനാൽ, ഒരു ഒററ സേർവിയാക്കാരനെയും ജീവനോടുകൂടി വിട്ടുവെച്ചു തനിക്കു പോകുവാൻ പാടില്ല. താൻ അവരുടെ നിലയിലായിരുന്നെങ്കിൽ, ഇതു തന്നെ താനും അപേക്ഷിക്കുമായിരുന്നില്ലേ?

പിന്നോട്ടുള്ള പ്രയാണം വരുത്തിവച്ച വെടിമരുന്നിന്റെ ദൌർല്ലഭ്യം അതു് ഉപയോഗിക്കുന്നതിൽ വലിയ പിശുക്കു കാണിക്കുവാൻ ഭടന്മാരെ പ്രേരിപ്പിച്ചിരുന്നു. ക്യാപ്റ്റൻ തന്റെ വാൾ ഉറയിൽ നിന്നു് ഊരിയെടുത്തു. അതിനു മുമ്പുതന്നെ ഭടന്മാരിൽ ചിലർ ബയണററ് പ്രയോഗിച്ചു തങ്ങളുടെ കർത്തവ്യം നിർവഹിക്കുവാൻ തുടങ്ങിയിരുന്നു. പക്ഷേ അവരുടെ ജോലി കേവലമനസ്സ്യപൂർവവും അകുശലമായും അവർ നടത്തിയിരുന്നതുകൊണ്ടു്, അതു കണ്ടമാനം വരുത്തിവച്ച മുറിവുകൾ, അസഹ്യമായ വേദന, ചോരപ്പുഴ എന്നിവയെ മാത്രമേ ജനിപ്പിച്ചിരുന്നുള്ളു. ക്യാപ്റ്റന്റെ കൈകൊണ്ടുള്ള മരണം അദ്ദേഹത്തിന്റെ റാങ്കു് നിമിത്തം ഒരു ബഹുമതിയും, അദ്ദേഹത്തിന്റെ കൈവഴക്കം ഹേതുവായി വേദന കുറഞ്ഞതുമായി അവർക്കു തോന്നിയിരുന്നതിനാൽ, അവർ എല്ലാവരും അദ്ദേഹത്തിന്റെ സമീപത്തേക്കു് ഇഴഞ്ഞുചെന്നു ഇങ്ങനെ വിളിച്ചുപറഞ്ഞു.—“എന്നെക്കൊല്ലണം, സഹോദരാ, എന്നെക്കൊല്ലണം...”

തന്റെ വാളിനെ തിരിച്ചുപിടിച്ചു് അതിന്റെ അററംകൊണ്ടു് അദ്ദേഹം അവരിൽ ഓരോരുത്തന്റെയും കഴുത്തിലെ ജുഗുലർ (കണ്ഠസ്ഥ) രക്തധമനിയെ ഒററ വെട്ടിനു മുറിക്കുവാൻ ശ്രമിച്ചു. ഈ ഭയങ്കരരംഗത്തെ വർണ്ണിച്ചപ്പോൾ, ക്യാപ്റ്റൻ “ടാക്കു്, ടാക്കു്” എന്ന മട്ടിൽ മേശപ്പുറത്തു തട്ടി ഓരോ വെട്ടിനേയും സൂചിപ്പിച്ചിരുന്നു.

കൈയും കാലും കുത്തിയിഴഞ്ഞു് അവർ അദ്ദേഹത്തിന്റെ സമീപത്തുചെന്നു; ഛായകളിൽനിന്നു് അവർ കീടതുല്യം പുറത്തുവന്നു; അദ്ദേഹത്തിന്റെ കാലുകൾക്കു ചുററും അവർ കൂട്ടംകൂടി. താൻ ചെയ്യുന്നതു കാണാതെയിരിക്കുവാനായി ആദ്യം അദ്ദേഹം മുഖം തിരിച്ചിരുന്നു; അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്നു കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. എന്നാൽ ഈ ദൌർബല്യത്തിന്റെ ഫലമായി അദ്ദേഹം ലക്ഷ്യം കാണാതെ വെട്ടുകയാണു ചെയ്തതു്; തന്നിമിത്തം അദ്ദേഹത്തിനു് അവരുടെ വേദന നീട്ടിക്കൊണ്ടുപോയി വെട്ടുകൾ ആവർത്തിക്കേണ്ടതായിവന്നു. അതുകൊണ്ടു നിർവികാരനായിരിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. വിറയ്ക്കാത്ത കരവും, ചലിക്കാത്ത ഹൃദയവും തനിക്കുണ്ടായിരിക്കേണ്ടതാണു്. ടാക്കു്! ടാക്കു്!

“സഹോദരാ, എന്നെക്കൊല്ലണം......എന്നെക്കൊല്ലണം!”

ആ സഹജോചിതമായ ബലി പൂർത്തിയാകുന്നതിനു മുമ്പു് ശത്രു അവിടെ എത്തിയേക്കുമെന്നു ഭയപ്പെട്ടിരുന്നതുപോലെ, അവർ തങ്ങളുടെ മുറകളെ സംബന്ധിച്ചു തർക്കിച്ചുതുടങ്ങി. വെട്ടു ഫലിക്കുവാൻ ഉത്തമമായ നില ഏതാണെന്നു് അവർ എളുപ്പം മനസ്സിലാക്കുകയുണ്ടായി. മാരകമായ വെട്ടേൽക്കുവാനായി അവരിൽ ഓരോരുത്തനും കഴുത്തും ധമനിയും ഋജുവും ദൃശ്യമാക്കാൻ ക്ലേശിച്ചു തല ഒരു വശത്തേക്കു തിരിച്ചുവച്ചിരുന്നു.

“സഹോദരാ, എന്നെക്കൊല്ലണം!”

ചോരപ്പുഴ ഒഴുകിത്തുടങ്ങിയപ്പോൾ, ചെമന്ന വീഞ്ഞുഭരണികൾക്കു തുല്യം സാവധാനത്തിൽ രക്തം ചോർന്നുപോയിരുന്ന മററു ശരീരങ്ങൾക്കിടയ്ക്കു് ഒന്നുകൂടി മറിഞ്ഞുവീഴുകയും ചെയ്തു.

* * * *

ആ ഹോട്ടലിൽനിന്നു ജനങ്ങൾ പോകുവാൻ തുടങ്ങി പിറകിൽ പരിമളത്തിന്റെയും പൗഡറിന്റെയും മണം തൂകിക്കൊണ്ടു സ്ത്രീകൾ യൂണിഫാറം ധരിച്ചിരുന്ന പുരുഷന്മാരുടെ കരം പിടിച്ചു കടന്നുപോയി. ലഘുചിത്തതയെ സൂചിപ്പിക്കുന്ന ശ്രോതാക്കളുടെ ചിരികളോടുകൂടി ബ്രിട്ടീഷുകാരുടെ വിയോളിൻവാദ്യവായന അവസാനിക്കുകയും ചെയ്തു.

ആ സെർവിയാക്കാരന്റെ കൈയിൽ പാൽപാടയുടെ നിറമുള്ള ഒരു ചെറിയ കത്തിയുണ്ടായിരുന്നു. വിസ്മരിക്കുവാൻ കഴിയാത്ത, ഒരിക്കലും വിസ്മരിക്കാത്ത; ഒരു മനുഷ്യന്റെ ആംഗ്യത്തോടുകൂടി അദ്ദേഹം “ടാക്കു്!.....ടാക്കു്!” എന്നു് മേശയിൽ യന്ത്രതുല്യം തട്ടിക്കൊണ്ടിരുന്നു.

# മാപ്പു നൽകൂ!

(തിരുവാർപ്പ് എൻ. ആർ. പിള്ള)

കതിർക്കറ്റ കൊയ്തിട്ടു, കടുനിണം പെയ്തിട്ടു
കതിരവൻതൊഴിലാളി വേലവിട്ടു.
മതിമുട്ടുമുപ്ലാവത്തിൻ ദുരവസ്ഥ കണ്ടിട്ടു
മലർവാതം മന്ദമായ് വീർപ്പുവിട്ടു.
ധരയിലു "മാതിച്ച"പ്പുലയന്റെയുള്ളിലും
ഒരുപോലെ കൂരിരുൾ സഞ്ചരിച്ചു.
ചിതമോടു വിൺമണിമേടയിലപ്പോഴും
ചില വെള്ളിത്താരകൾ പുഞ്ചിരിച്ചു.
പണി ചെയ്തു; പതിവുപോലന്തിവരെയവൻ
നിണമെല്ലാം വേർപ്പുനീരായൊഴുക്കി.
പണി ചെയ്തു; ചന്ദനച്ചാറുപോൽ തീവെയിൽ
പതറാതെയേറ്റേറ്റു പാടുപെട്ടു.
പണി ചെയ്തു; കണ്ണീരാൽ തൊണ്ട നനച്ചു കൊ-
ണ്ടങ്ങനെപോലും മടിവിട്ടു പാടുപെട്ടു.
പണി ചെയ്തു; പൈതലെയെന്നപോൽ പാടത്തെ
പരിപാലിച്ചങ്ങിനെ പാടുപെട്ടു.
അതു വെള്ളിയാഴ്ചയാണതുകൊണ്ടെന്നല്ലൊന്നും
അവനന്നു കൂലി ലഭിച്ചതില്ല.
അതു കഷ്ടമാണെന്നോ? മേലാളൻ കല്പിച്ച
വിധിയല്ലേ? യതു വേദവാക്യമല്ലേ?
അയലത്തെ ധനവാനാം തമ്പ്രാന്റെ മേടയിൽ
ഉയരുന്നു മോഹനാനന്ദഗാനം.
ഇവിടെയോ പട്ടിണിച്ചുടലയിൽ നീറി നി-
ന്നവിരതം പൈതങ്ങൾ തൻ വിലാപം.
ഒരിടത്തു മധ്യാഹ്നമാർത്താണ്ഡദീപ്തി;
മറുഭാഗം ഭീകര കാളരാത്രി.
ഒരു ഭാഗം മോഹനനന്ദനപ്പൂവനം;
മറുഭാഗം മരുനിലം വറുതിമൂലം.
തലകാഞ്ഞു ചിന്തിച്ചു; പലനേരമൊടുവിലാ-
പ്പുലയന്റെ കണ്ണു പാടത്തണഞ്ഞു.
പവിഴക്കതിരുകൾ കാറ്റേറ്റു തലയാട്ടി
അവനെക്ഷണിപ്പതുപോലെ തോന്നി.
അരികത്തു മാമരക്കൊമ്പത്തിരുന്നീ കാ-
ണ്ടൊരു മൂങ്ങ സമ്മതഭാവം മൂളി.
"അരുതാത്തതെങ്കിലുമാവശ്യമാണെന്നു"
തരുനിര മർമ്മരത്താൽ മൊഴിഞ്ഞു.
അരിവാളുമായവൻ ചുറ്റിലും കണ്ണോടി-
ച്ചപരാധം ചെയ്തു;—കതിരറുത്തു;
സതതം ധനികത്വം സഹജരെ മർദ്ദിക്കും
സഹതാപശൂന്യമാം സമുദായമേ!
പൊരിയും വയറിന്റെയരതിയിൽ നിൻ നീതി-
കരി ചാമ്പലാകുകിൽ, മാപ്പു നൽകൂ!

# ധർമ്മഭടൻ

(കൃഷ്ണൻ പി. പിള്ള, [redacted]ോംബെ)

വരികയാണു ഞാനാഹവദേവതേ
വരികയാണു ഞാൻ ധർമ്മരണത്തിനായ്.
അരനിമേഷം ക്ഷമിക്കൂ; വരുന്നിതാ
കരവിൽ വാളും പരിചയുമായി ഞാൻ.
ഭടജനോചിതവേഷവിധാനമാ-
ർന്നടനടിയടരാടുവാനെത്തിടാം.
എവിടെയുമവഹേളനംചെയ്തമി-
ന്നവിരതമെതിർത്തിടുന്നരാതികൾ.
സമരകാഹളം കേൾക്കുമീ വേളയിൽ
തിരയടിച്ചു തുടിക്കയാണെന്മനം.
നരകുലാധമരീ ലോകമൊക്കെയും
നരകമാക്കുവാൻ വെമ്പുമീ വേളയിൽ,
വെറുമൊരു മരപ്പാവകണക്കു ഞാ-
നൊരു നിമേഷമടങ്ങിയിരുന്നിടാ.
പതിതയാവാനനുവദിക്കില്ല ഞാൻ
പരമഭാഗ്യയാമാർഷഭൂദേവിയെ.
ചൊരിയണം കുറെച്ചെന്നിണമെങ്കിൽ ഞാൻ
ചെറുതുമായതിൽ ഖിന്നനായ്ത്തീർന്നിടാ.
ഭരതഭൂവിനു വേണ്ടിയെൻ ജീവനും
ബലികഴിക്കുവാൻ സന്നദ്ധനാണു ഞാൻ.
അരികളായിരം പാഞ്ഞണഞ്ഞീടിലും
സമരഭീരുവായ്ത്തീരുകയില്ലിവൻ.
പതറിമാറുകയില്ല; നിന്നേകനായ്
പടപൊരുതും; പറത്തും പതാക ഞാൻ.
വരികയാണു ഞാനെൻ രണദേവതേ!
കരവിൽ വാളും പരിചയുമായ് മുദാ.

**1121**

ഈ കൊല്ലത്തിൽ നിങ്ങൾക്കു സം-
ഭവിക്കാനിരിക്കുന്ന ഫലം ഏറ്റം കൃ-
ത്യമായി പറയുന്നതിനു 3 ക. മാത്രം.
5 ചോദ്യങ്ങൾക്കുത്തരം 2 ക. ജ-
നനസമയാദികളോ കത്തെഴുതുന്ന
സമയമോ അറിയിക്കുക.

മാനേജർ
ജൂപ്പിറ്റർ ജ്യോതിഷനിലയം,
കോട്ടയം.

# ജനകീയ സംഗീതം

## അത് സ്വരത്തിന്റെ അപഗ്രഥനമല്ല, സമ്മേളനമാണ്

(കെ. സുരേന്ദ്രൻ)

നമ്മുടെ സംഗീതമണ്ഡലത്തിന്റെ നായാമകരാണ് സംഗീതത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ എന്നും, ഒരു ജനകീയ സംഗീതമണ്ഡലം സൃഷ്ടിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നുവെന്നും ഉള്ള പരമാർത്ഥം വ്യക്തമാക്കുവാനാണ് എന്റെ പുറപ്പാട്; ഒരു "സംഗീതശാസ്ത്രജ്ഞൻ" എന്ന നിലയിലല്ല, ഒരു ആസ്വാദകന്റെ നിലക്ക്. കലയെ വിമർശിക്കുവാനുള്ള അർഹത കലാകാരനിലല്ല; ആസ്വാദകനിലാണ് സ്ഥിതിചെയ്യുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

എല്ലാ സുകുമാരകലകളുടേയും കാതൽ താളമാകുന്നു. വിശേഷിച്ച്, സംഗീതകലയുടെ ജീവനും ആത്മാവും എല്ലാം താളം ഒന്നുമാത്രമാണ്. താളത്തിന്റെ ശില്പിയാണ് യഥാർത്ഥ ഗായകൻ. "താളം" എന്ന പദം ഏറ്റവും വ്യാപകമായ അർത്ഥത്തിലാണ് ഞാൻ ഉപയോഗിക്കുന്നത്. അന്യോന്യഭിന്നങ്ങളായ ശബ്ദങ്ങളുടെ സമ്മേളനമാണല്ലോ സംഗീതം. സംഗീതമാകുന്ന മാല്യത്തിന്റെ ഉച്ചാവചങ്ങളായ കുസുമങ്ങളെ ബന്ധിച്ചുകൊണ്ട്, നട്ടെല്ലിന്റെ അകത്തെ മജ്ജ എന്നപോലെ പോകുന്ന അവിഭാജ്യമായ തന്തുവിനാണ് ഞാൻ താളം എന്നു പറയുന്നത്— ഇംഗ്ലീഷിൽ "റിഥം" എന്നു പറയുന്നതുതന്നെ. സുകുമാരമായ ഒരു ശരീരത്തിന്റെ പരസ്പരഭിന്നങ്ങളായ അംഗങ്ങളുടെ ആകെക്കൂടിയുള്ള സംയോജനത്തിൽ നിന്ന്— "ഒത്തിരുപ്പിൽ" നിന്ന്— സൗന്ദര്യപ്രതീതി ഉണ്ടാവുന്നതുപോലെ; അല്ലെങ്കിൽ, സപ്തവർണ്ണങ്ങളുടെ ഏകീഭാവത്തിൽനിന്നും സൂര്യരശ്മി ഉണ്ടാവുന്നതുപോലെ, സ്വരങ്ങളുടെ വിഭിന്നതയിൽ ഏകത്വം സൃഷ്ടിക്കുന്ന താളത്തിൽനിന്ന് സംഗീതത്തിന്റെ സൗന്ദര്യവും ജനിക്കുന്നു. താളം ചലനാത്മകമാണ്. അത് ആസ്വാദകന്റെ ചേതസ്സിനെ ആകർഷിച്ച്,— ബന്ധിച്ച്— വലുതും ചെറുതുമായ സ്വരവീചികളുടെ ഉപരിതലത്തിൽ കൂടി മുന്നോട്ടു വലിച്ചുകൊണ്ടുപോവുന്നു. നല്ല പാട്ടുകേൾക്കുമ്പോൾ നമ്മുടെ ചേതനയും താളാനുസൃതമായി ചലിക്കാറില്ലേ? പങ്കജ് മല്ലിക് മുതലായവരുടെ ഗീതങ്ങളിൽ നിന്നാണ് ഈ അനുഭൂതി ഏറ്റവും കൂടുതലായി എനിക്ക് ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തെപ്പോലെ താളം ദീക്ഷിക്കുന്ന ഗായകർ അധികമില്ല. "ആയീബഹാർ—" "ചലേ പവന കീ—" മുതലായ ചില ഗാനങ്ങളിൽ, ഏറ്റവും വൈവിധ്യമുള്ള ശബ്ദങ്ങളേയും സ്വരങ്ങളേയും, അദ്ദേഹം, താളത്തിന്റെ ഞാണിന്മേൽ കയറി, മനം മയക്കുന്ന പല അഭ്യാസങ്ങളും കാണിക്കുന്നുണ്ട്.

സ്വരങ്ങളുടെ ഏകീകരണത്തിൽ നിന്നു താളവും, താളത്തിൽ നിന്ന് സംഗീതവും ഉണ്ടാകുന്നു എന്ന് ചുരുക്കത്തിൽ പറയാം. സംഗീതത്തിന്റെ ഏറ്റവും മൗലികമായ ഒരു തത്വമാണ് ഇത്. പാശ്ചാത്യസംഗീതത്തിന്റെ മൂലകന്ദവും ഇതുതന്നെയാണ്.

തെന്നിന്ത്യൻ സംഗീതത്തിന്റെ അധിപതികളും ശാസ്ത്രകാരന്മാരും, മേൽപ്പറഞ്ഞ മൗലിക തത്വത്തോട് പൊരുത്തപ്പെടുന്നവരല്ലെന്നുള്ളതാണ് അടുത്തതായി പറയുവാനുള്ളത്. രാഗങ്ങളെ ഏകീകരിച്ചല്ല, അപഗ്രഥിച്ചാണ്, അവർ "വീരശൃംഖല" വാങ്ങിക്കുന്നത്. നമ്മുടെ വലിയ ഗായകന്മാരെത്തന്നെ എടുക്കുക; അവർ മിക്കപ്പോഴും യഥാർത്ഥമായ താളത്തെ—റിഥത്തെ—നിഷേധിക്കുകയാണ് ചെയ്യുന്നത്. അവർ താളത്തെ തേച്ചും, മായ്ച്ചും, മിക്കപ്പോഴും മുറിച്ചും വികൃതമാക്കുന്നു. ചൊറിച്ചിലില്ലാതെ ചൊറിയുന്നതുപോലെ അവർ ആവശ്യമില്ലാതെ രാഗത്തെ അപഗ്രഥിക്കുന്നു. അവരുടെ പരമമായ ലക്ഷ്യം. രാഗാലാപത്തിന്റെ സമയം ദീർഘിപ്പിക്കുക, എന്നതുമാത്രമാണെന്ന് തോന്നിപ്പോവുന്നു (ലേഖകന് ശാസ്ത്രജ്ഞാനം ഇല്ലാഞ്ഞിട്ടായിരിക്കാം) "ഒമ്പതുമണിക്കു "രാഗമാലിക" തുടങ്ങിയിട്ട് പന്ത്രണ്ടേകാൽ മണിവരെ വിസ്തരിച്ചു" എന്നൊക്കെയാണല്ലോ സർട്ടിഫിക്കേറ്റുകൾ. "രാഗം വിസ്തരിക്കുക" എന്നാണല്ലോ അവർ പറയുന്നതും. സംഗീതക്കച്ചേരിയിലെ കൂട്ടിൽ നിറുത്തി, അവർ രാഗത്തെ അങ്ങനെ വിസ്തരിക്കുകയാണ്. അത്യന്തം ഭീകരമായ ഈ വിസ്താര പരിപാടി കണ്ട്, താളം, വല്ല "ഷെൽട്ടർ ഹൗസിലും" പോ

യി രക്ഷപ്രാപിപ്പിക്കുന്നതു് സ്വാഭാവികം മാത്രമാണു്.

ഈ രാഗവിസ്താരത്തിലാണു് "ശാസ്ത്രീയസംഗീതം" കുടികൊള്ളുന്നതെന്നു് പറയപ്പെടുന്നു. ശാസ്ത്രീയസംഗീതത്തിനു് എന്റെ ചേതനയെ കാര്യമായി ചലിപ്പിക്കുവാൻ കഴിയുന്നില്ലെന്നുള്ള പരമാർത്ഥം തുറന്നു സമ്മതിച്ചുകൊള്ളുന്നു. അതിൽ രസമുള്ള ആളുകൾ ഉണ്ടെങ്കിൽത്തന്നെ എനിക്കു് അവരോടു് അസൂയയും ഇല്ല. ഏതായാലും, കലാരസികതയല്ല,—പിന്നെയോ, പരിചയം മൂലമുള്ള ശീലവും സഹനശക്തിയുമാണു് അവരുടെ രസത്തിനു് അടിസ്ഥാനമെന്നു് എനിക്കു തീർച്ചയുണ്ടു്. ആന്തമാനിൽ ജനിച്ചവനു് ക്രമേണ അതുതന്നെ സ്വർഗ്ഗമായി തോന്നിക്കൊള്ളും. "ഒരുവേള പഴക്കമേറിയാൽ—"എന്ന ന്യായവും ഉണ്ടല്ലോ.

മരക്കുതിരയുടെ പുറത്തിരുന്നുകൊണ്ടു് ഒരുവൻ, അതിവേഗത്തിൽ സവാരിചെയ്യുന്നവന്റെ ഭാവങ്ങൾ കാണിച്ചുവെച്ചു് പ്രേക്ഷകനിൽ ചലനത്തിന്റെ പ്രതീതി ഉണ്ടാകുന്നതല്ല. അതുപോലെതന്നെ, താളമില്ലാതെ, രാഗം എത്രതന്നെ വിസ്തരിച്ചാലും നമ്മുടെ ഉൾക്കളത്തിൽ ചലനമുണ്ടാവുകയില്ല. പാടുമ്പോൾ ചിലർ കാണിക്കുന്ന വികൃതികൾ രസാവഹമായിരിക്കാം. ഒരു ഗായകവീരന്റെ അപരനാമം തന്നെ "ടൈഗർ" എന്നാണു്.! സംഗീതത്തിന്റെ അന്തഃസ്സത്തയെ എത്രമാത്രം അവഹേളിക്കുവാൻ അവക്കു് കഴിവുണ്ടെന്നു് നോക്കുക!

ശാസ്ത്രീയസംഗീതം ആസ്വദിക്കണമെങ്കിൽ, ശാസ്ത്രജ്ഞാനം വേണമെന്നു് ഒരു പറച്ചിലുണ്ടു്. പഞ്ചസാരയ്ക്കു് പകരം, തരിമണൽ തരപ്പെടുന്നു "ഇതു് പഞ്ചസാരയല്ല; ഇതിനു മധുരമില്ല" "എന്നു പരാതിപ്പെടുമ്പോൾ," അതുപഞ്ചസാര തന്നെയാണു്. പക്ഷെ, മധുരിക്കണമെങ്കിൽ, ശാസ്ത്രീയരീതിയിൽ തിന്നാൻ പഠിക്കണം" എന്നു പറഞ്ഞാൽ എന്താണു് അർത്ഥമുള്ളതു ? നമ്മുടെ ശാസ്ത്രീയസംഗീതം, ചില വലിയ ക്ഷേത്രങ്ങളിൽ കാണാവുന്ന കൽപണികൾപോലെയാണെന്നു് ഒരു സഹൃദയൻ ഒരിക്കൽ പറകയുണ്ടായി. പാട്ടു തീരുമ്പോൾ, ഒരാശ്ചര്യരസമാണു് (പാട്ടുകാരന്റെ പരാക്രമം കണ്ടിട്ടു്) സാധാരണ കേൾവിക്കാരന്റെ മനസ്സിൽ അവശേഷിക്കുന്നതു്. സംഗീതത്തിന്റെ പരമമായ ധർമ്മത്തെ വിഗണിക്കുന്നവൻ, ശാസ്ത്രത്തിൽ എത്ര വലിയ "ഐയിൻസ്റ്റിൻ" ആയാലും ഗായകൻ ആവുകയില്ല. പ്രേമത്തിന്റെ തത്വശാസ്ത്രം മുഴുവൻ കലക്കിക്കുടിച്ചാലും, സ്നേഹിക്കുവാൻ കഴിവില്ലെങ്കിൽ, അവന്റെ ശാസ്ത്രംകൊണ്ടു് എന്തു വിലയാണുള്ളതു്?

വീരശൃംഖലാധാരികളും ആസ്ഥാനവിദ്വാന്മാരും വാസ്തവത്തിൽ നല്ല ഗായകന്മാരല്ലെന്നു പറയാൻ മിക്കവരും ഒരുങ്ങുകയില്ല. അവരുടെ ആസ്വാദനശക്തി ചോദ്യംചെയ്യപ്പെടുമെന്നു ഭയന്നിട്ടുതന്നെ. ചോദിക്കുന്നവനും, പറയുന്നവനും, കേൾക്കുന്നവനും ഉള്ളിലുള്ളതു പ്രകാശിപ്പിക്കാൻ ധൈര്യം പോരാ. സ്വന്തമായി അഭിപ്രായം രൂപീകരിക്കുവാനല്ല, ആദ്യം ആദ്യം കേൾക്കുന്നതു വിശ്വസിക്കുവാനാണു്, അധികംപേരും ഇഷ്ടപ്പെടുന്നതു്. വിജ്ഞാനം സാധ്യമാകണമെങ്കിൽ വിജ്ഞന്മാർ അഭിനന്ദിക്കണം; വിജ്ഞന്മാരാണെങ്കിൽ ശാസ്ത്രം പാടുന്നവരുമാണു്. അതുകൊണ്ടു് അവരെ നോക്കി മറ്റു ലോകരും പിമ്പേ ഗമിച്ചിടുന്നു. ഇതാണു് ഇപ്പോഴുള്ള അവസ്ഥ. ചലനാത്മകമായ താളത്തിൽ—പ്രകൃതിയെപ്പോലും വശീകരിക്കുന്ന താളാത്മകമായ സംഗീതത്തിൽ—വിശ്വാസമില്ലാത്തവരും നിശ്ചലത ഇഷ്ടപ്പെടുന്നവരുമായ കുറെ വൃദ്ധന്മാരും (പ്രായംകൊണ്ടോ സ്വഭാവംകൊണ്ടോ) അവരുടെ ശാസ്ത്രവും കൂടി എത്ര ഗായകന്മാരുടെ ഓജസ്സും എത്ര കേൾവിക്കാരുടെ സമയവും പാഴിൽ കളയുന്നു എന്നു് ഓർത്തുനോക്കുക! ജനതയുടെ ഹൃദയത്തിലേക്കു ഇറങ്ങിച്ചെല്ലുന്ന ഗായകൻ വെറും "പാട്ടുകാരനും," ശിലയെപ്പോലും പലായനം ചെയ്യിപ്പിക്കുന്ന സംഗീതവിദ്വാൻ ഗായകശിഖാമണിയുമായാൽ അതു വാസ്തവത്തിൽ വ്യസനകരമാണു്.

രാഗത്തിന്റെ അപഗ്രഥനത്തിൽനിന്നല്ല; സ്വരങ്ങളുടെ മേളനത്തിൽ നിന്നാണു് സംഗീതം ജനിക്കുന്നതെന്ന തത്വം ആധുനികമൊന്നുമല്ല. ശതവർഷങ്ങൾക്കു മുമ്പുതന്നെ, ഭാരതത്തിന്റെ സംഗീതചാതുര്യം രൂപം പൂണ്ട, താൻസേൻ (ധധസേനൻ) ഈ തത്വം ലോകസമക്ഷം പ്രഖ്യാപിക്കുകയുണ്ടായി. അക്ബറിന്റെ നവരത്നങ്ങളിൽ ഒരാളായിരുന്നു താൻസേൻ. "ശാസ്ത്ര"ത്തിന്റെ ഇരുമ്പറയിൽ കിടന്നു ശ്വാസംമുട്ടിയിരുന്ന സംഗീതത്തെ അദ്ദേഹം വലിയ സമരത്തിനു ശേഷം ഉദ്ധരിച്ചു. പ്രകൃതിശക്തികളെപ്പോലും വരുതിയിൽ നിറുത്തുവാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നുപോൽ! താൻസേൻ "ദീപിക"രാഗം പാടിയാൽ മതി—ഉടൻ നദിപോലും തീപിടിക്കുകയായി! "മേഘമാല്" പാടിയാൽ മതി—ഉടൻതന്നെ മേഘങ്ങൾ

ജലവർഷം നടത്തുകയായി! രസോജ്ജീവനത്തിനു് അതു വളരെ കഴിവു് അദ്ദേഹത്തിനു് ഉണ്ടായിരുന്നു എന്നു സാരം. തൻസേൻ എന്ന ഏറ്റവും സ്വരൂപകമായ ഹിന്ദിചിത്രത്തിലും ഈ പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. സംഗീതത്തിനു് ഒരു ശരിയായ വ്യാഖ്യാനവും നിർവചനവും കൊടുക്കുവാൻ. പ്രസ്തുതചിത്രത്തിൽ അഭിനയിച്ച സൈഗാളിനും, കുർഷീദിനും കഴിഞ്ഞിട്ടുണ്ടു്.)

അങ്ങിനെ സരസ്വതിയുടെ മനോഹരമായ കച്ഛപിയത്താൽ ഒന്നായ സംഗീതത്തെ നമ്മുടെ ദൃഷ്ടിയിൽനിന്നും മറയ്ക്കുവാൻ പണിപ്പെടുന്ന ഈ ശാസ്ത്രക്കരിമ്പടം എങ്ങനെ ഉണ്ടായി?

സംസ്കാരങ്ങൾ, മനുഷ്യരെപ്പോലെ തന്നെ ജനിക്കുകയും, വളരുകയും, മരിക്കുകയും ചെയ്യുന്നു. ഒരു സംസ്കാരത്തിന്റെ ആദിമദശയിൽ, കലാകാരന്മാർ, ജനതയുടെ സ്വഭാവത്തിനനുസരണമായി കലാസങ്കേതങ്ങളിൽ ശ്രദ്ധിക്കാതെ ആവേശത്തോടെ, വികാരവിക്ഷോഭണം ലക്ഷ്യമാക്കി കലാസൃഷ്ടിചെയ്യുന്നു. അവരുടെ കലകൾ കാലത്തിനുള്ള പ്രചോദനങ്ങളായിരിക്കാം. സൗന്ദര്യത്തേക്കാളധികം അവർ ശക്തിയെ ഉൽപാദിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നു. അതായതു് അവർ ശക്തിനിക്ഷ്ടമായി നിൽക്കുന്നു. രണ്ടാംഘട്ടത്തിൽ, കലാകാരന്മാർ ഏറിയക്രമം സൗന്ദര്യത്തിന്റെ വാധാതാക്കളാണു്. സങ്കേതങ്ങളിൽ അവർ വളരെ ശ്രദ്ധ ചെലുത്തുകയും, അതിനെ സംപൂർണ്ണമാക്കുകയും ചെയ്യുന്നു. അന്ത്യഘട്ടത്തിൽ എത്തുമ്പോഴേക്കും സംസ്കാരത്തിന്റെ അന്തശ്ചൈതന്യം അണയുവാൻ ആരംഭിക്കുകയും, കല അധഃപതിച്ചു തുടങ്ങുകയും ചെയ്യുന്നു. കലാകാരന്മാർ, സങ്കേതം സർവപ്രധാനമാണെന്നു കരുതുകയും, കലയുടെ മൂലധർമ്മത്തെ നിശ്ശേഷം വിഗണിക്കുകയും ചെയ്യുന്നു. ഭരണീയതയെ പരിചരിക്കേണ്ട ഭരണകർത്തൃത്വം, ചിലപ്പോൾ ഭരണീയതയുടെ മേൽ അമിതാധികാരം ചെലുത്തുന്നതു പോലെ, കലയുടെ ദാസ്യം വഹിക്കേണ്ട തൽസങ്കേതം അതിന്റെ ശത്രുവായിത്തീരുന്നു. ചുരുക്കത്തിൽ ശാസ്ത്രക്കരിമ്പടം ഉത്ഭവിക്കുകയും, കല അതിനാൽ ആവരണം ചെയ്യപ്പെടുകയും ചെയ്യുന്നു.

ഈ കാലഘട്ടത്തിൽ, ജനതയുടെ സകല പ്രവൃത്തികളിലും നിർബ്ബലതയും, അലസതയും, ഭീരുത്വവും പ്രത്യക്ഷമാകുന്നതാണു്. പരദേശീയമായ, ഒരു നവീനസംസ്കാരം അതിൽനിന്നു പൊട്ടിക്കിളിർക്കുകയോ, അല്ലെങ്കിൽ വെളിയിൽനിന്നുള്ള മറ്റൊരു സംസ്കാരത്തിന്റെ പ്രവാഹമേറ്റു് അതു തകർന്നുപോവുകയോ ചെയ്യുന്നു. ഇതു രണ്ടും സംഭവിച്ചില്ലെങ്കിൽ, പിന്നെ ആ ജനതയുടെ സ്ഥിതി വളരെ ദയനീയമാണു്. ഇന്ത്യയ്ക്കും ചൈനയ്ക്കും പറ്റിയ നിർഭാഗ്യം ഇതൊന്നു മാത്രമാണു്. ഭാരതീയസംസ്കാരം, അന്ത്യദശയിലെത്തി, ചാകാതെയും കട്ടിൽ ഒഴിയാതെയും കിടക്കുവാൻ തുടങ്ങിയിട്ട് നാളുകൾ വളരെ ആയി. നമ്മുടെ തത്വശാസ്ത്രം തന്നെ, "ദുസ്സ്പർശം" പെട്ടിപ്പൊങ്ങിപ്പൊങ്ങി, ഒടുവിൽ മനുഷ്യർ വെറും നീർക്കുമിളയാണെന്നും, ജീവിതം ഒരു യാതനയാണെന്നും ഉള്ള നിഷേധാത്മകമായ തത്വോപദേശം കണ്ടുപിടിച്ചു. നീർക്കുമിളയാകട്ടെ യാതനയാകട്ടെ, മനുഷ്യൻ മനുഷ്യനും, ജീവിതം ജീവിക്കാനുള്ളതും ആണു്. മറ്റു സകല ശാസ്ത്രങ്ങളും ഇതുപോലെ, പ്രയോജനപരമായ വശത്തിന്റെ നേരെ കണ്ണടയ്ക്കുകയും, വസ്തുവിനെ വിട്ടു നിഴലിനെ ആരാധിക്കുകയും ആണു് ചെയ്തിട്ടുള്ളതു്. വളരെക്കാലമായിട്ടില്ല ഈ അവസ്ഥയ്ക്കു് ഒരു മാറ്റം ഉണ്ടാകാൻ തുടങ്ങിയിട്ടു്. നമ്മുടെ രാഷ്ട്രീയ മണ്ഡലത്തിനു് ഇളക്കം തട്ടിയപ്പോഴേക്കും എല്ലാറ്റിനും ഒരു ഉണർവു് ലഭിച്ചിട്ടുണ്ടു്. പഴയ സംസ്കാരത്തിന്റെ അനന്തരാവകാശിത്വം പേറിക്കൊണ്ടു്, ഒരു നവീനസംസ്കാരം ഇന്നു് ഉയിർക്കൊണ്ടിട്ടുണ്ടു്. കലാകാരന്മാർ, സങ്കേതങ്ങളുടെ സങ്കീർണ്ണതയിൽ നിന്നു്, കലയുടെ മണികർണ്ണികയിലേക്കു യാത്രതിരിച്ചിട്ടുണ്ടു്. അഭിനയകല, സിനിമയിൽ കൂടി പൂർവാധികം ജനകീയമായിത്തീർന്നതോടു കൂടി സംഗീതവും ജനകീയമായിത്തീരേണ്ട സന്ദർഭം വന്നു. കാര്യം ഇത്രയുമായിട്ടും നമ്മുടെ സംഗീതത്തിന്റെ ശാസ്ത്രകാരന്മാർ അധികമൊന്നും മുമ്പോട്ടു പോകാതെ പഴയ കരിമ്പടവും വച്ചുകൊണ്ടു് ഇരിക്കുന്നതേയുള്ളു.

താളാത്മകമായ ഹിന്ദിഗാനങ്ങളുടെ ആക്രമണത്തോടു കൂടി, ആളുകൾക്കു "ഹിന്ദിട്യൂണു"കളോടു് എന്തെന്നില്ലാത്ത ഒരു വാശപ്പു് ആരംഭിച്ചു. തൻമൂലം ഭാഗവതരന്മാർക്കു സ്വഭാവം അൽപമൊന്നു് അയയ്ക്കേണ്ടി വന്നിട്ടുണ്ടു്. എങ്കിലും ശാസ്ത്രം പാടിയില്ലെങ്കിൽ "ഭാഗവതത്വം" പൊയ്പ്പോകുമെന്ന ഭയം വളരെയിയാനും നശിച്ചിട്ടില്ല. ഈ നിർഭാഗ്യകരമായ ബോധം നശിച്ചേ മതിയാവൂ. ആളുകളെ അൽപമൊന്നു രസിപ്പിക്കുമ്പോഴേക്കും, അവരു

# ആരാണു് കാരണക്കാർ?

(ആർ. സുഗതൻ)

ഈ വഞ്ചിരാജ്യം പ്രകൃതിസുന്ദരമാണു്. വിഭവസമൃദ്ധവുമാണു്. സുഖകരമായ കാലാവസ്ഥകളാൽ അനുഗ്രഹീതവുമാണു്. ഈ പരമാർത്ഥം കവികൾ സരസമായി പാടിപ്പുകഴ്ത്തും. പ്രസംഗകർ സരസമായി വിവരിക്കും. ലേഖകന്മാർ വശ്യമായ രീതിയിൽ പൊലിപ്പിച്ചു "സരസഃകോമളകാന്തപദാവലികൾ" കൊണ്ടു പകിട്ടു കൂട്ടി കാണിക്കും. മിക്കവാറും ആളുകൾ ഇവ ഒക്കെ വായിച്ചു രസിച്ചുകൊണ്ടു നമ്മുടെ "പിറവിപ്പൊന്നാട്ടിനെപ്പറ്റി" അഭിമാനം കൊള്ളും. ഇതിൽ യാതൊരു തെറ്റുമില്ല. ആക്ഷേപാർഹമായി ഒന്നുമില്ല. എന്നാൽ നമുക്കു ഈ നേരിന്റെ നേരായ മറുവശം ഒന്നു നോക്കാം. ഈ ലേഖനത്തിന്റെ വിനീതമായ ഉദ്ദേശവും ഇതുതന്നെ.

(1) നമ്മുടെ രാജ്യം പ്രകൃതിസുന്ദരമായതെങ്ങനെ—മലയും പർവതക്കാടും, കായലും പുഴയും, പുൽത്തകിടികളും, മേടും, കുന്നും, ചതുപ്പുനിലങ്ങളും മാത്രമാണല്ലോ പ്രാകൃതികമായി ഈ രാജ്യത്തിലുള്ളതു്. മലയും പർവതവും കാടും പ്രകൃതിയിൽ ഉള്ളതുപോലെ തന്നെ ആയിരുന്നെങ്കിൽ ഇന്നത്തെ നമ്മുടെ രാജ്യത്തിന്റെ പ്രകൃതിസൗന്ദര്യം എത്രതന്നെ വികൃതമായിപ്പോകുമായിരുന്നു. പർവതങ്ങളിൽ തുരങ്കം വച്ചു വഴിയുണ്ടാക്കി അതിന്റെ പാർശ്വങ്ങളിലെ മലഞ്ചെരിവുകളിൽ, ഏലം, തേയില, റബർ, നെല്ലു്, കൊണ്ടൽ കൃഷികൾ, ഇവകൊണ്ടു ഭംഗിയും, ഫലപുഷ്ടിയും ഉണ്ടാക്കി. മേടുകളിലും വനങ്ങളിലും നല്ല വീടുകളും മാളികകളും പണിതു വച്ചു. മലയുടെയും കുന്നുകളുടെയും ഇടയിൽക്കൂടി കടന്നുപോകാൻ തക്ക റോഡുകൾ വെട്ടിത്തെളിച്ചു. ഈ രാജപാതകൾ സന്ധിക്കുന്ന കവലകളിൽ കച്ചവടപ്പീടികകളും, വിശ്രമമന്ദിരങ്ങളും ചുമടുതാങ്ങികളും, വഴിയമ്പലവും ഉണ്ടാക്കി.

മലനാടിന്റെ സൗന്ദര്യത്തിനു മാറ്റു കൂട്ടുന്ന ഇടനാടൻ പ്രദേശങ്ങളിൽ തെങ്ങിൻതോപ്പുകളും, നെല്ലിൻപാടങ്ങളും, നെടിയ വാഴത്തോപ്പുകളും, മറ്റു ഫലഭാരസംകുലമായ തോട്ടങ്ങളും സൃഷ്ടിച്ചുകൊണ്ടാണു് പ്രകൃതിസൗന്ദര്യം ശരിയായി പ്രതിഫലിക്കുന്നതു്. വിഭവസമൃദ്ധിയും ഇതിന്റെ കൂടെപ്പിറവിയാണല്ലോ? ഇതിനു കാരണക്കാർ ആരാണു്? അവർ ഈ രാജ്യത്തിലെ 61 ലക്ഷം ജനങ്ങളിൽ കഷ്ടിച്ചു 6 ലക്ഷം വരുന്ന—ഒരു ക—കരം തീരുവക്കാരായ സാമാന്യം ഭേദപ്പെട്ട ആളുകൾ മാത്രമല്ല. 55-ലക്ഷത്തോളം വരുന്ന– കരംതീരുവയിൽനിന്നു പുറംതള്ളപ്പെട്ട—വിഭാഗമാണു്. ഇവർ ആരാണു്. ഇവർ പാടത്തും പറമ്പിലും, കായലിലും, വള്ളത്തിലും, വ്യവസായശാലകളിലും, കടലിലും പണി എടുക്കുന്ന വിവിധതരക്കാരായ തൊഴിലാളിവർഗ്ഗമാണു്. നമ്മുടെ രാജ്യത്തിന്റെ അഴകിലും, അഭിവൃദ്ധിയിലും കണ്ണഞ്ചുന്ന വർണ്ണനകൾ ചെയ്യുന്നവർ ഈ പണിയാളന്മാരുടെ "കേവലമായ" കൈകളാണു് ഈ കലാശില്പത്തിനു് ഉത്തരവാദിത്വം വഹിക്കുന്നതു് എന്നു സമ്മതിക്കുമോ? ഇവരാണു് ഈ രാജ്യശില്പത്തിന്റെ നേരവകാശികൾ എന്നു സംശയകരമായിട്ടെങ്കിലും ഭാവിക്കുമോ? ആരറിഞ്ഞു?

നമ്മുടെ രാജ്യത്തിന്റെ മറ്റൊരു വർണ്ണന ഏതോ ഒരു ആഴ്ചപ്പതിപ്പിൽ വായിച്ചു. അതിന്റെ ഏകദേശമായ രൂപം ചുവടെ ചേർക്കുന്നു. "കിഴക്കു സഹ്യപർവതം മൗനഗംഭീരമായി തല ഉയർത്തിനിൽക്കുന്നു. പടിഞ്ഞാറു സാഗരം ചീറിയിരമ്പി ശബ്ദായമാനമായിക്കിടക്കുന്നു."—അമ്പോ! നമ്മുടെ രാജ്യത്തിന്റെ പ്രകൃതിശോഭയും" എന്നു ഞാ

---

"സ്റ്റാറ്റസ്" അലിഞ്ഞു പോവുകയില്ലെന്നുള്ള വിശ്വാസം വേരിടണം. അതിനു കലയുടെ പഴയ മാനദണ്ഡങ്ങൾ നശിക്കുകയും പുതിയ മാനദണ്ഡങ്ങൾ ഉണ്ടാവുകയും വേണം. അതിനാണു് ഒരു ജനകീയസംഗീതമണ്ഡലം വേണമെന്നു ഞാൻ പറഞ്ഞതു്. അടിയന്തിരമായി ഒരു ജനകീയസംഗീതമണ്ഡലം നമുക്കു ഉണ്ടാവണം; എന്നാലേ, ഗായകന്മാർ ജനതയുടെ വക്താക്കളാകയുള്ളു; എന്നാലേ സംഗീതം ജനകീയമാകയുള്ളു.

നും പറയാം. പക്ഷെ അതുകൊണ്ടെന്താ ഫലം? ഈ പുറംതൊലിതപ്പലോ അവരപ്പും അൽഭുതാവേശവും കൊണ്ടു മാത്രമല്ല-നമ്മുടെ രാജ്യം വിഭവസമൃദ്ധവും സുന്ദരവും ആകുന്നതു്. കരം തീരുവക്കാരായവരുടെ ഒൻപതുമടങ്ങിലധികമുള്ള "പ്രയത്നിക്കുന്ന കൈകളുടെ" ഗാംഭീര്യത്തേയും മൗനമായ കിടപ്പിനേയും പററിയും ഒന്നാലോചിക്കേണ്ടയോ? വിഭവസമൃദ്ധി വരുമാനസമൃദ്ധി (മുതലെടുപ്പേററം) ഇവ വരുത്തിക്കൊണ്ടു് ഈ രാജ്യത്തിലെ കൂരകളിൽ ചുരുണ്ടു നിലംപൊത്തി കിടക്കുന്ന ഇക്കൂട്ടർ "ഭേദപ്പെട്ട" ജീവിതക്കാർക്കു കൂടി അനുകൂലമായ നിലയിൽ ഒരു അവകാശം ഭരണകൂടത്തോടു കൂടി ചോദിക്കുകയാണു്. എന്താണതു്? എത്രയോ കൊല്ലമായി രാജ്യത്തെ ഇങ്ങിനെ പുലർത്തി സംരക്ഷിക്കുന്ന ഇക്കൂട്ടർക്കു് ഇപ്പോൾ (1) "പ്രായപൂർത്തിയുള്ളവർക്കു മാത്രം" വോട്ടവകാശം കൊടുക്കേണമെന്നവർ ആവശ്യപ്പെടുന്നു. (2) ഉത്തരവാദഭരണവും അവർക്കു കിട്ടണം. (3) നിയമസമിതികൾ പിരിച്ചുവിടണം. (4) ഇന്നു കഷ്ടിച്ചു് 6 ലക്ഷം പേരുടെ മാത്രം പ്രാതിനിധ്യമുള്ള നിയമസമിതികൾ അവരുടേതല്ല. ആണെന്നു് ആരെങ്കിലും പറഞ്ഞാൽ അവർ സമ്മതിക്കയില്ല. ഒരേ ഒരു നിയമസഭ. ആ സമിതിക്കു് ഈ രാജ്യത്തിലെ ഭാവിഭരണഘടന തീർച്ചചെയ്യുവാനുള്ള അധികാരവും ഉണ്ടായിരിക്കണം.

ഈ പ്രവൃത്തിക്കുന്ന വിഭാഗം ഈ ചോദ്യം ഉയർത്തുന്നതു പാടങ്ങളിലും പറമ്പുകളിലും വ്യവസായശാലകളിലും, മലയിലെ തേയിലത്തോട്ടങ്ങളിലും നിന്നാണു്. അവർ ഇതിന്റെ ആവശ്യക്കാരും നേരവകാശികളുമായതുകൊണ്ടു തന്നെ. ഈ ചോദ്യം കേൾക്കാത്ത ഭാവത്തിൽ, ഇതിന്റെ അർത്ഥം മനസ്സിലാകാത്ത മട്ടിൽ, ഇതിന്റെ നേരെ മറുതന്ത്രങ്ങൾ പ്രയോഗിച്ചാൽ ഫലിക്കയില്ല. അടവും ഭിന്നിപ്പിക്കാനുള്ള വിദ്യകളും ഇവിടെ—ഈ കൊല്ലക്കടയിൽ—വില പോവുകയില്ല. യഥാർത്ഥ രാജ്യസമൃദ്ധിയുടെ ഉൽപാദകർ ഒരുമിച്ചു ചേർന്നുകൊണ്ടു് എല്ലാ വശത്തുനിന്നും ഉയർത്തുന്ന ഈ ജന്മാവകാശത്തിന്റെ നേരെ പൊടിച്ചമർത്തലും ഭിന്നിപ്പിക്കലും വിഫലമാകാതെ തരമില്ല.

തിരുവിതാംകൂറിൽ ഏതുതരം ഉത്തരവാദഭരണം വേണമെന്നു വാദിക്കേണ്ടതു് ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങളും അവരുടെ പ്രതിനിധികളും കൂടിയാണ്[illegible]്. രാജ്യത്തിന്റെ ഐശ്വര്യത്തിനും നിലനിൽപിനും വേണ്ടി രാപകലില്ലാതെ പണിയെടുക്കുന്നവർ ചോദിക്കുന്ന ഈ ആവശ്യം നിരുപാധികമായി കൊടുത്തേ കഴിയൂ എന്നല്ലേ പ്രൊഫസ്സർ രാധാകൃഷ്ണനും പ്രസംഗിച്ചതു്? ഇതിനെ തടഞ്ഞാൽ ഈ ആവശ്യത്തിനു ശക്തി കൂടും. അണകെട്ടിയാൽ ഊററം കൂടുന്ന ഒരു പ്രവാഹമാണിതു്. "അമർത്തിപ്പിടിച്ചാൽ കുതിച്ചു ചാടുന്ന" ബഹുജനങ്ങളുടെ അന്തിമമായ ആവശ്യവും ഇതു തന്നെയാണു്.

ഈ ചോദ്യം ഉയർത്തിക്കൊണ്ടു് അവർ ഇന്നും ഇവിടെ എങ്ങിനെയാണു് കഴിയുന്നതു്? നോക്കുക. ഇവരിൽ മൂന്നുലക്ഷത്തിൽപരം ആളുകൾ മലയിലെ തോട്ടങ്ങളിൽ പൊറുതിയാണു്. പാർപ്പിടം ഇല്ല, മരുന്നില്ല. ആറണ കഷ്ടിച്ചു കൂലി. കങ്കാണിയുടെയും, തോട്ടം ഉടമകളുടെയും കീഴിൽ അടിമകളായി അങ്ങിനെ കഴിയുന്നു. നല്ല അരിയോ കറിക്കോപ്പോ ഇല്ല. പുഴുത്ത ഉണക്കമീനും, തോട്ടക്കാർ കൊടുക്കുന്ന "സഞ്ജീവ"മായ ധാന്യങ്ങളുമാണാഹാരം. സാധാരണ ട്രേഡ് യൂണിയൻ അടിസ്ഥാനത്തിലുള്ള ഇവരുടെ ആവശ്യങ്ങൾ പോലും ഇന്നു് അതിശയോക്തിപരങ്ങളെന്നു പറഞ്ഞു് പുറംതള്ളപ്പെട്ടിരിക്കുന്നു. ഇവരുടെ പരാതികൾ കേൾപ്പാരും കേൾവിയും ഇല്ലെന്നായിരിക്കുന്നു. ഇവരുടെ തോട്ടം ഉടമകൾക്കു് നിയമസഭയിൽ പ്രതിനിധി ഉണ്ടു്. ഇവരുൾപ്പെടുന്ന തൊഴിലാളിവർഗത്തിനു് നിയമസഭാ പ്രാതിനിധ്യം നിഷേധിക്കപ്പെട്ടുകഴി .

കശുവണ്ടിവ്യവസായശാലകളിൽ 90-ആയിരം പേർ ഉണ്ടു്. അവക്കു് വൃത്തികെട്ട ജീവിതവും ഫാക്ടറിക്കാരുടെ നിരന്തരപീഡനങ്ങളുമാണനുഭവം. ഇപ്പോൾ തൊഴിലില്ലായ്മയും പടർന്നുവരുന്നു. ചവറയിലെ 5000-(മണ്ണുകമ്പനിയിലെ തൊഴിലാളികൾ) തൊഴിലില്ലാതെ വായിൽ മണ്ണായി. പേപ്പർ മില്ല്; ആലുവാ അലൂമിനിയം ഇവിടങ്ങളിൽ ഉണ്ടായിട്ടുള്ള പരാതികൾ കുപ്രസിദ്ധികളാണു്. നാവികതൊഴിലാളികൾക്കുള്ള സങ്കടങ്ങൾ അവരുടെ യൂണിയൻ ആവർത്തിച്ചു പറഞ്ഞുകൊണ്ടേയിരിക്കുന്നു. ലക്ഷക്കണക്കിനുള്ള ചകിരിത്തൊഴിലാളികളുടെ ജീവിതനിലവാരം അന്വേഷി

ക്കാൻ ഗവർമ്മെണ്ടുമില്ല; …നതാകട്ടെ മൃതകം തന്നെ.

കയർ വ്യവസായം പുനഃസംഘടിപ്പിച്ച്, കൂലി ഏകീകരിക്കാനും, ജീ…തനിരക്കുയർത്താനുമുള്ള കയർവ്യവസായത്തൊ…ലാളികളുടെ ഏഴുകൊല്ലം പഴക്കമുള്ള ആ…ങ്ങൾ തുടങ്ങിയിടത്തു തന്നെ നിൽക്കുന്നു.

പാടത്തും പറമ്പിലും പണിയെടുക്കുന്നവരും ഈ രാജ്യത്തിലെ യഥാർത്ഥ അന്നദാതാക്കളും ആയ ലക്ഷലക്ഷക്കണക്കിനുള്ള കർഷകത്തൊഴിലാളികൾക്ക് കണ്ണുനീരും, കൈപ്പും തന്നെ അനുഭവം. ഈയിടെയായി ഇവരെ പുര പൊളിപ്പിച്ച് കുടിയിറക്കുന്ന പരാക്രമവും "ജന്മിത്തലവന്മാർ" തുടങ്ങിയിരിക്കുന്നതായി കേൾക്കുന്നു. കുടിക്കാൻ കഞ്ഞിയില്ലാത്ത വന്—കിടപ്പിടംകൂടി കൊടുക്കാത്തതു് "ക്രൂനിൽക്കരു"വെന്നല്ലാതെ ഇതിനെന്താ പറയുക!

ഈ വിപത്തുകളെല്ലാം തീർക്കാനും, ഇടത്തരം കൃഷിക്കാരുടെ പ്രയാസങ്ങൾ ഒഴിവാക്കാനും ഉടനെ പ്രായപൂർത്തി വോട്ടവകാശത്തോടു കൂടിയ ഉത്തരവാദഭരണം കൊണ്ടേ കഴിയൂ!! ഈ സ്ഥിതി വരുത്താൻ ഇന്ന് അതിന്റെ നേരവകാശികൾ മുമ്പോട്ടുവരികയാണ്.

അമിതലാഭമോഹികളും, കരിഞ്ചന്തക്കാരും, ജനങ്ങളുടെ മേൽ എന്നും കുതിരകയററം നടത്താൻ ആഗ്രഹിക്കുന്നവരും ആയ ചില സ്വാർത്ഥതൽപരന്മാർ മാത്രമേ ഇതിന് എതിരായ പ്രതിലോമശക്തികളുടെ കൂടെ നിൽക്കുന്നുള്ളു. ജനങ്ങളുടെ നേരായ, ന്യായമായ രാഷ്ട്രീയാവകാശത്തെ എതിർക്കുന്നവരും തക്കം നോക്കി അഭിപ്രായം പറയാതെ നിൽക്കുന്നവരും ആയവരുടെ പത്രങ്ങളും, നാവുകളും എല്ലാം ഇന്നു ജനങ്ങളുടെ ഈ ഉത്തമതാൽപര്യത്തിന് അനുകൂലികളാണോ?

കൃഷി, വ്യവസായം ഇവയെല്ലാം ഒരു പുതിയ സ്ഥിതിസമത്വാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ ഇങ്ങനെ ഒരു ഭരണപരിഷ്കാരം വേണം.

കർഷകരുടെയും, തൊഴിലാളികളുടെയും ജീവിതനിരക്കുയർത്താനും—തൊഴിലില്ലായ്മ എന്നേക്കും ആയി ഇല്ലായ്മ ചെയ്യാനും, പൗരാവകാശങ്ങളെ പരിരക്ഷിക്കുവാനും ഇങ്ങനെ ഒരു ഭരണ…പരിഷ്കാരം വേണം.

നൂതന…സമുദായരക്ഷയ്ക്കു, തൊഴിലില്ലാത്തവർ…തനവും, അനാഥർക്കു ശുശ്രൂഷയും, സാർവ…നീനമായ വിദ്യാഭ്യാസവും, വ

# എഴുന്നേൽക്കുക!

(ഡാ. ശ്രീമാൻ നമ്പൂതിരി; മൂവാററുപുഴ)

ദുഷ്പ്രഭുക്കളെസ്സേവിച്ചീടുവാ,നവരുടെ-
യെച്ചിലിലമൃതത്തിൻമാധുര്യം കണ്ടീടുവാൻ,
തന്നിലുള്ളഭിമാനമൊക്കെയും പാടേവിട്ടു
ദൈന്യങ്ങളെപ്പുൽകിപ്പരമാനന്ദം നേടാൻ,
നാലുകാശിനുവേണ്ടി നമ്മളിൽ കുടികൊള്ളും
നാടിനുള്ളുൽക്കർഷാഭിവാഞ്ഛയെത്തീററായ് വി
ൽക്കാൻ
വ്യർത്ഥ ഭാഷണങ്ങളാൽ, പ്രശംസാവചനത്താ-
ലുക്തിവൈദഗ്ദ്ധ്യത്തിന്റെ കടുത്തൽമഴവല്ലാൻ
എന്തിനായ് തുനിയുന്നു,സോദര ,വ്യഥാ നിന്റെ
സുന്ദരതാരുണ്യത്തെ കേവലമിതേവിധം
പാഴിലായ്ക്കളയുന്നവങ്കലെത്തയോ കഷ്ട-
മൂഴിയിൽ കഴുതയായ് ജീവിതം തുലയ്ക്കയോ?
എഴുന്നേൽക്കുക! മാതൃ-
ഭൂമിതന്നുൽക്കർഷത്തി-
നുഴിയാൻ മടിച്ചാലോ
ജീവിതം,സഹോദരാ?

---

യോജനവിദ്യാഭ്യാസവും നാട്ടുകാർക്കെല്ലാം ആവശ്യംപോലെ സൗജന്യവൈദ്യസഹായവും കിട്ടാൻ ഇങ്ങനെ ഒരു ഭരണപരിഷ്കാരം കൂടിയേ കഴിയൂ!

വേലചെയ്യുന്നവർക്കു പോഷകകരമായ ആഹാരം, അധിവാസസൗകര്യമുള്ള വീടുകൾ, അവരോടു നേരിട്ടുത്തരവാദിത്വമുള്ള ഭരണാധികാരികൾ, എന്നിവയെല്ലാം ഈ മാതിരി ഒരു ഭരണപരിഷ്കാരംകൊണ്ടല്ലാതെ കിട്ടുകയില്ല. ഈ മാതിരി ഭരണപരിഷ്കാരത്തിനു താമസം നേരിട്ടാൽ തൊഴിലാളികളും കർഷകരും അടക്കമുള്ള ഭൂരിപക്ഷം, ഇനിയും പട്ടിണിയിലും, അടിമത്തത്തിലും, അജ്ഞതയിലും കഴിയും.

---

# രോഗം

ഒരാൾ വൈദ്യനോടു പറഞ്ഞു—"വീട്ടുകാരത്തിക്കൊരു സുഖക്കേട്. തുടങ്ങിയിട്ട് നാലഞ്ചു ദിവസമായി. ഒരൊഴിച്ചിലാണ്. തീരെ കിടപ്പാ."

വൈദ്യൻ—"ഒഴിച്ചിലോ! ഇപ്പോൾ ഇതു വളരെ വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ 'നിരപ്പേ' ഒഴിച്ചിലാണെന്നാ കേൾക്കുന്നതു്"

ആൾ—"എന്റെ വീട്ടുകാരത്തിക്കു നിരപ്പെയും മററുമില്ല; ഒരു ഭാഗത്തുകൂടെ മാത്രമെയുള്ളു.

ശാസ്ത്രപംക്തി

# ഗൃഹനിർമ്മാണം

(കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്)

സാധാരണ നമുക്കാവശ്യമുള്ള സാധനങ്ങളെല്ലാം അങ്ങാടിയിൽ പോയി വാങ്ങാവുന്നതാണ്. അതിനാൽ അവയുടെ വലുപ്പം ഭംഗി വില മുതലായവയെല്ലാം ഇഷ്ടാനുസരണം തിരഞ്ഞെടുക്കുവാൻ കഴിയും. ഇതിനു ഒരു ഉദാഹരണം പറയാം. നമുക്കു ഒരു മുണ്ടു വാങ്ങണമെന്നിരിക്കട്ടെ. അതിനു തുണിഷാപ്പിൽ പോയാൽ മതി; വീതി നീളം മുതലായി ഇഷ്ടാനുസരണമുള്ള വലിപ്പത്തിലും, കര കുറി ആദിയായി അഭിരുചിയനുസരിച്ചുള്ള ഭംഗിയിലും ശക്തിക്കനുസരിച്ചുള്ളവിലയിലും തിരഞ്ഞെടുക്കുവാൻ പ്രയാസമില്ല. നിത്യജീവിതത്തിൽ ആവശ്യമുള്ള മിക്ക സാധനങ്ങളും ഇങ്ങിനെ വാങ്ങുവാൻ കഴിയുന്നതാണ്. അതുപോലെ മനുഷ്യർക്കൊക്കെ ആവശ്യമുള്ള വീടുകളും അങ്ങിനെ വാങ്ങുവാൻ കഴിയുമെങ്കിൽ വളരെ സൗകര്യമായിരുന്നു എന്നാൽ വീടുകൾ വാങ്ങുവാൻ കിട്ടുന്ന ഒരു മാർക്കററോ, അതുകൾ തയ്യാറാക്കി വെയ്ക്കുന്ന കമ്പനികളോ ഉണ്ടായിട്ടില്ല മററു സാധനങ്ങളെപ്പോലെ വീടുകളേയും ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുവാൻ കഴിയുമെങ്കിൽ ആ ഏർപ്പാടിനുള്ള കമ്പനികളും, അവ വിൽക്കുന്നതിനുള്ള മാർക്കററും ഉണ്ടാകുമായിരുന്നു. അതില്ലാതിരിക്കുവാനുള്ള കാരണം വളരെ വില വരുന്നതിനു പുറമെ സ്ഥലമാററം ചെയ്യാനുള്ള അസാദ്ധ്യതയുമാകുന്നു.

വാച്ച് മോട്ടോർകാർ വലിയ യന്ത്രങ്ങൾ മുതലായ പല സാധനങ്ങളുടേയും വില വലിപ്പം മുതലായ ഗുണങ്ങൾ അടിയായവയെ വിശദമായി വിവരിക്കുന്നതും, ശരിയായ ആകൃതിയെ കാണിക്കുന്ന ചിത്രങ്ങളുള്ളതുമായ കാററലോഗുകൾ ധാരാളം കിട്ടുന്നതാണ്. അതിനാൽ വിദേശങ്ങളിലും മററു വിദൂരസ്ഥലങ്ങളിലും മാത്രം കിട്ടുന്ന സാധനങ്ങളേപ്പോലും മാർക്കററിൽ ചെന്നു വാങ്ങിക്കുന്ന മാതിരി വലുപ്പം ഭംഗി മുതലായതെല്ലാം ഇഷ്ടത്തിനും കഴിവിനും അനുസരിച്ചുള്ളവയെ തെരഞ്ഞെടുത്തു വാങ്ങുവാൻ കഴിയുമല്ലൊ. വീടുകളുടെ കാര്യത്തിൽ ഈ സൗകര്യവും കിട്ടാതെയാണിരിക്കുന്നത്.

അത്ര എളുപ്പമുള്ള കാര്യമല്ലെങ്കിലും ഈ വിഷയത്തിൽ തീരെ അസാദ്ധ്യമല്ലാത്ത ഒരു കാര്യമുണ്ട്. ഇതിന്ന് എത്രയോ മുമ്പുതന്നെ അതു സാധിക്കേണ്ടതുമായിരുന്നു. അതിനെന്നാലും ഇതുവരെ ആരും ശ്രമിച്ചു കാണാത്തതു പരിതാപകരമാകുന്നു. അതെന്തെന്നാൽ മുൻപറഞ്ഞ പ്രകാരം വീടുകളുടെ ഒരു കാററലോഗാകുന്നു. പല വലുപ്പത്തിലും സൗകര്യത്തിലുമുള്ള വീടുകളുടെ പ്ലാനുകൾ തയ്യാറാക്കാം. പല തരത്തിലുള്ള അവയുടെ ആകൃതികളേയും ചിത്രം കൊണ്ടു കാണിക്കാം. ഓരോന്നും പണിയിക്കുന്നതിന് എത്ര ഉറുപ്പിക വേണ്ടിവരുമെന്നു കണക്കും തയ്യാറാക്കാവുന്നതാണ്. ഈ വിധം ചെറിയ തരം മുതൽ വൻതരം വരെയുള്ള പലമാതിരി വീടുകളുടെയും ശരിയായ ഒരു കാററലോഗ് തയ്യാറാക്കിയാൽ പൊതുജനങ്ങൾക്കു വീടുകൾ പണിയിക്കുന്ന കാര്യത്തിൽ ഇന്നു നേരിടേണ്ടിവരുന്ന പല ബുദ്ധിമുട്ടുകൾക്കും നിവാരണമുണ്ടാവുകയും, പല സൗകര്യങ്ങളും സിദ്ധിക്കുകയും ചെയ്യുന്നതാകുന്നു.

വീടുകൾ ആവശ്യമില്ലാത്ത മനുഷ്യരില്ല. എന്നാൽ മരാമത്തു വിഷയത്തിൽ പരിചയമുള്ളവർ വളരെ അപൂർവ്വമാകുന്നു. ഈ വിഷയത്തിൽ പൊതുജനങ്ങൾക്കുള്ള അജ്ഞത എത്രയുണ്ടെന്നു വിദഗ്ദ്ധന്മാരെയല്ലാതെ പൊതുജനങ്ങളെ മനസ്സിലാക്കുവാൻതന്നെ പ്രയാസമാണ്. ചുരുക്കി പറഞ്ഞാൽ ഈ വിഷയത്തിൽ തങ്ങൾക്കു വൈദഗ്ദ്ധ്യമില്ലെന്നു മാത്രമല്ല വൈദഗ്ദ്ധ്യം ആവശ്യമാണെന്നുപോലും അധികമാരും മനസ്സിലാക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. ദീനം വന്നാൽ ചികിത്സിക്കുന്നതിനു വൈദ്യനെ കാണണമെന്ന് എല്ലാവർക്കും അറിയാം. നിയമസംബന്ധമായ കാര്യങ്ങൾക്കു വക്കീലിന്റെ ഉപദേശവും ആവശ്യമാണ്. മരാമത്തുവിഷയത്തിൽ അങ്ങിനെ ഒന്നും സാധാരണക്കാർ സമീപിക്കുന്നില്ല. അതുകാരണം അനാവശ്യമായ നഷ്ടം അസൗകര്യം ഭം

(രണ്ടാം പേജിൽ നിന്നു തുടർച്ച)

ഇക്കാലമത്രയും ഒരു കമ്മ്യൂണിസ്റ്റായ അറാഗണിന്റെ തലയെടുക്കുവാൻ നാസികൾ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരുന്നു. ഇന്നു ഫ്രാൻസിലെ മാത്രമല്ല, യൂറോപ്പിലെ മുഴുവൻ ഏററവും മഹാനായ കവിയായി അറാഗൺ പരിഗണിക്കപ്പെടുന്നു. ഈ മഹാകവി പുരോഗമനസാഹിത്യകാരന്മാർക്കു ഒരൊന്നാന്തരം മാതൃകയാണു നൽകുന്നതെന്നു പ്രസ്താവിച്ചുകൊണ്ടു ഡോക്ടർ ആനന്ദ് പ്രസംഗം അവസാനിപ്പിച്ചു.

സുപ്രസിദ്ധ ഉർദ്ദുവിമർശകനായ അക്ബർ വാഹാകപാനിയാണു് 15-ാംനു- കാലത്തു നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു്.

---

ഗീക്കുറവു മുതലായ ദോഷങ്ങൾ പലർക്കും അനുഭവിക്കേണ്ടിവരുന്നുണ്ടു്. ജനനാൽ തന്നെ കണ്ണിനു കാഴ്ചയില്ലാത്തവർക്കു അതൊരു പോരായ്കയാണെന്നു തോന്നുകയില്ല. അതിനു കാരണം നല്ല കാഴ്ചയുണ്ടായാലത്തെ സുഖം അവർ അനുഭവിച്ചിട്ടേ ഇല്ലെന്നുള്ളതാണല്ലോ. അതുപോലെ അനാവശ്യമായി ഇത്തരം പല നഷ്ടങ്ങൾ തങ്ങൾ അനുഭവിക്കുന്നുണ്ടെന്നുപോലും അധികമാരും മനസ്സിലാക്കുന്നില്ല. സ്വതവേ ഉള്ളതോ ഉണ്ടാകേണ്ടതോ ആയ സ്ഥിതികൾ അറിഞ്ഞവർക്കേ അതിൽ കുറച്ചുള്ള സംഗതി അറിഞ്ഞുകൂടു. "ബുദ്ധിയുള്ളവർക്കല്ലേ ബുദ്ധിമുട്ടുണ്ടാകയുള്ളു? ബുദ്ധിയില്ലാത്തവർക്കു ബുദ്ധിമുട്ടുണ്ടാകുമോ?" എന്നൊരു ഫലിതം പറയാറുണ്ടു്. അതുപോലെ വീട്ടിനുണ്ടായിരിക്കേണ്ടതായ സൗകര്യങ്ങൾ, ഭംഗി, ആകെച്ചിലവു് മുതലായവയെപ്പററി ആദ്യം തന്നെ ഒരഭിപ്രായമുള്ളവർക്കു മാത്രമല്ലേ അതുപോലെയായിട്ടില്ലെന്നറിയാൻ സാധിക്കൂ? സാധാരണയായി മരാമത്തു നടത്തുന്നവരിൽ അങ്ങനെ ഒരു മതിപ്പുള്ളവർ തന്നെ അപൂർവമാകുന്നു. പിന്നെ ഉദ്ദേശപ്രകാരമാകുന്ന കഥ പറയാനുണ്ടോ? യാത്രക്കാരൻ എത്തേണ്ടതായ സ്ഥലം ആദ്യം തീരുമാനിക്കാതെ എത്തേണ്ട സ്ഥലത്തെത്തിയോ എന്നറിയുന്നതെങ്ങനെ? മരാമത്തു നടത്തുന്ന അധികം പേരുടേയും സ്ഥിതി ഇതാകുന്നു.

ഈ ദോഷം കഴിയുന്നതു പരിഹരിക്കുവാനായി മുൻപറഞ്ഞപ്രകാരം ഒരു പുസ്തകം—വീടുകളുടെ ഒരു ക്യാററ്ലോഗു്—തയ്യാറാക്കണമെന്നാശിക്കുന്നുണ്ടു്. ഇങ്ങനെയുള്ള ഒരു പുസ്തകം വീടു പണിയിക്കുന്നവർക്കു പ്രയോജനകരമായിരിക്കുമല്ലോ.

---

“ശൈലിയിലല്ല കല സൃഷ്ടി ചെയ്യുന്നതു്, വിശ്വാസങ്ങളിലാണു്”—എന്നുള്ള ലെനിന്റെ പ്രസ്താവനയെ അദ്ദേഹം വിശദീകരിക്കുകയുണ്ടായി. മി. കാസി അബ്ദുൽ ഗാഫറിന്റെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ, ഉർദ്ദു സാഹിത്യകാരന്മാരുടേയും ഹിന്ദി സാഹിത്യകാരന്മാരുടേയും നടുനായകമായി പരിലസിച്ചിരുന്ന മുൻഷി പ്രേമചന്ദിന്റെ സ്മാരകമായി “പ്രേമചന്ദ് സംഘം” എന്ന പേരിൽ ഒരു സംഘം രൂപവൽക്കരിക്കണമെന്നു തീർച്ചയാക്കപ്പെട്ടു.

16-ാംനു-യിലെ പ്രഭാതസമ്മേളനത്തിൽ ഒരൊന്നാന്തരം വിമർശകനും ലക്നോ സർവകലാശാലയിലെ പ്രൊഫസറുമായ ഇ. ഹസ്സെയിനും, ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ ഒരൊന്നാന്തരം ഉർദ്ദു കവിയും അലഹബാദു് സർവകലാശാലയിലെ പ്രൊഫസറുമായ ആർ. എസ്സ്. ഫിറാക്കുമാണു് അദ്ധ്യക്ഷത വഹിച്ചതു്. മി. സിബ്ഗ്ററി ഹസ്സൻ ഉർദ്ദു പത്രപ്രവർത്തനത്തെപ്പററിയും, മി. ആലി സർദാർ ജാഫ്ററി ഇക്ബാലിന്റെ കവിതയെപ്പററിയും രസകരമായ ഓരോ പ്രബന്ധം വായിക്കുകയുണ്ടായി. ഡോക്ടർ താരാചന്ദിന്റെ അദ്ധ്യക്ഷതയിൽ 17-ാംനു- കാലത്തു കൂടിയ അവസാന സമ്മേളനം ഉർദ്ദു, ഹിന്ദി, ഹിന്ദുസ്ഥാനി എന്നിവയെപ്പററി ചർച്ച ചെയ്യുകയുണ്ടായി. ഉർദ്ദുവും ഹിന്ദിയും സംയോജിപ്പിച്ചു് ഇന്ത്യയിൽ എല്ലായിടത്തും ഉപയോഗിക്കാവുന്ന ഹിന്ദുസ്ഥാനി സൃഷ്ടിക്കാൻ കഴിയുമെന്നു മഹാപണ്ഡിതനായ അദ്ധ്യക്ഷൻ പ്രസ്താവിച്ചു. മി. സജ്ജാദ് സാഹിർ വായിച്ച പ്രബന്ധത്തിൽ ഉർദ്ദുവും ഹിന്ദിയും രണ്ടായിനിന്നു വളരുന്നതാണു് അഭിലഷണീയമെന്നും, രണ്ടിനേയും പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും പറയുകയുണ്ടായി. പക്ഷം പിടിക്കുന്ന പത്രപ്രവർത്തനത്തെയും, പിന്തിരിപ്പൻ അഭിപ്രായങ്ങൾ പ്രചാരണം ചെയ്യുന്നതിനു് ഗവർമ്മെൻറു് അഖിലേന്ത്യാ റേഡിയോ ഉപയോഗിക്കുന്നതിനേയും, ഇന്ത്യൻ സിനിമാ വ്യവസായത്തെ അമിതലാഭത്തിനുവേണ്ടി ഒരു കച്ചവടമാക്കി അധഃപതിപ്പിക്കുന്നതിനേയും അപലപിച്ചുകൊണ്ടുള്ള പ്രമേയങ്ങളും സമ്മേളനം ഐകകണ്ഠ്യേന അംഗീകരിച്ചു. ഉർദ്ദു സാഹിത്യകാരന്മാരുടെ ഈ സമ്മേളനം ഒരു വമ്പിച്ച വിജയമായിരുന്നു എന്നു നിസ്സംശയം പറയാം. (എം. ഇസ്മായേൽ)

Printed and Published by P J Joseph at the Powra Prabha Press, Kottayam

Reg No. T. 7

CHITHRODAYAM KOTTAYAM

VOL 25 SUNDAY 2ND DECEMBER 45. NO. 16

# 12 പുസ്തകങ്ങൾ

സൗജന്യം— ഈ ലിസ്റ്റിൽപെട്ട ഏതെങ്കിലും 5 രൂപയ്ക്കു പുസ്തകങ്ങൾ എടുത്താൽ അഞ്ചൽചെലവു സൗജന്യം.

| | | | | | |
|---|---|---|---|---|---|
| തിരുമുൽക്കാഴ്ച | | പൊൻകുന്നം വർക്കി | 1 | 12 | 0 |
| ആരാമം | (കഥകൾ) | „ | 1 | 12 | 0 |
| അണിയറ | (കഥകൾ) | „ | 1 | 0 | 0 |
| പ്രേമവിപ്ലവം | (നാടകം) | „ | 1 | 0 | 0 |
| വികാരസദനം | (2 ഭാഗങ്ങൾ) (കഥകൾ) | | 3 | 0 | 0 |
| പൂജ | (നാടകം) | | 1 | 8 | 0 |
| ഹൃദയനാദം | (കഥകൾ) | | 1 | 0 | 0 |
| മേൽവിലാസം | | കാരൂർ നീലകണ്ഠപ്പിള്ള | 1 | 4 | 0 |
| അപ്പൂപ്പൻ | (ഏകാങ്കനാടകങ്ങൾ) | „ | 0 | 14 | 0 |
| താഴ്വരകൾ | | വെട്ടൂർ രാമൻ നായർ | 1 | 4 | 0 |
| നാടകകൃത്ത് | | കേശവദേവ് | 1 | 0 | 0 |
| ഈ വിസ്മരണകൾ | | സി. ജെ. | 1 | 8 | 0 |

## നാഷണൽ ബുക്ക്സ്റ്റാൾ

കളരിക്കൽ ബസ്സാർ, കോട്ടയം

N. B. എല്ലാ കത്തുകളിലും ഞങ്ങളുടേയും നിങ്ങളുടേയും മേൽവിലാസം പൂർണ്ണമായും വ്യക്തമായും എഴുതുക.

# വായിക്കേണ്ട പുസ്തകങ്ങൾ

1. ബലിപീഠത്തിൽ — ഇ. കെ. ദിവാകരൻ പോറ്റി വില 10 അണ

## തയാറായി വരുന്നു.

2. കിരണങ്ങൾ (ചെറുകഥാസമാഹാരം)
(ബഷീർ, പൊൻകുന്നം വർക്കി, സി. അച്യുതക്കുറുപ്പ്, കാരൂർ മുതലായവരുടെ ഒന്നാംതരം ചെറുകഥകൾ.)
3. കബീറിന്റെ ഗീതങ്ങൾ—മേരീജോൺ, കൂത്താട്ടുകുളം.

പീപ്പിൾസ് ബുക്ക്സ്റ്റാൾ, പാളയം, തിരുവനന്തപുരം.